കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.12)1173/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി:09/12/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-14, 1-40 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(പി.12)1173/2020 തിയ്യതി:9/12/2020

## തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 30.09.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.18 മുതൽ 31.03.19 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 09 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.10.2020 മുതൽ 21.10.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. റാം മനോഹർ.വി.കെ. ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) ശ്രീ.സുനിൽ.പി.ബി., അസിസ്റ്റന്റ് ഓഡിറ്റ് |

| | |
|---|---|
| | ഓഫീസർ<br>ശ്രീ. ജയൻ.വി.എസ്.,<br>ഓഡിറ്റർ<br>ശ്രീ.മോഹനൻ.കെ.എ.,<br>ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.എം.അമീർ | 01.04.2018 മുതൽ 27.12.2018 വരെ |
| | ശ്രീമതി. ആരിഫ.കെ.യു., വൈസ് പ്രസിഡന്റ് (ഇൻ ചാർജ്ജ്) | 28.12.2018 മുതൽ 20.01.2019 വരെ |
| | ശ്രീ. രാജൻ വെട്ടത്ത് | 21.01.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.സത്യൻ.ടി., തോട്ടിങ്ങൽ | 01.04.2018 മുതൽ 23.05.2018 വരെ |
| | ശ്രീ. മനോജ്.പി.എൻ., അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 24.05.2018 മുതൽ 07.06.2018 വരെ |
| | ശ്രീ. സത്യൻ.ടി., തോട്ടിങ്ങൽ | 08.06.2018 മുതൽ 14.03.2019 വരെ |
| | ശ്രീമതി. അമ്പിളി.പി.സി., അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 15.03.2019 മുതൽ 31.03.2019 വരെ |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മനോജ്.പി.എൻ | 01.04.2018 മുതൽ 23.06.2018 വരെ |
| | ശ്രീ.ജയ്.എം.എ. | 24.06.2018 മുതൽ 07.10.2018 വരെ |
| | ശ്രീമതി.അമ്പിളി.പി.സി. | 08.10.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | |

| | | |
|---|---|---|
| | ശ്രീമതി.വൃന്ദ .കെ | 01.04.2018 മുതൽ<br>13.08.2018 വരെ |
| | ശ്രീ.അജി.കെ.എ. | 14.08.2018 മുതൽ<br>13.09.2018 വരെ |
| | ശ്രീ.ദിപിൻ.എം. | 14.09.2018 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.മഞ്ജു.വി.പി. | 01.04.2018 മുതൽ<br>07.04.2018 വരെ |
| | ഡോ.കെ.ജി. അശോകൻ | 08.04.2018 മുതൽ<br>11.09.2018 വരെ |
| | ഡോ.രാജേഷ്.എം.ബി. | 12.09.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി | ഡോ.സുനിൽകുമാർ.സി.കെ | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.ഷീജ മേനോൻ | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽഓഫീസർ, ഹോമിയോ | ഡോ.വി.മുരളീധരൻ (Late) | 01.04.2018 മുതൽ<br>12.07.2018വരെ |
| | ഡോ.ബിജു.പി.ജി. | 13.07.2018 മുതൽ |

| | | |
|---|---|---|
| | | 20.07.2018 വരെ |
| | ഡോ.ശിവകുമാർ കോതപള്ളി | 21.07.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ, പൈങ്കുളം സർക്കിൾ | ശ്രീമതി.പ്രീത.കെ. | 01.04.2018 മുതൽ 02.12.2018 വരെ |
| | ശ്രീമതി.ജ്യോതി.എൻ. | 03.12.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, കിള്ളി മംഗലം സർക്കിൾ | ശ്രീ.സജിത് തോമസ് | 01.04.2018 മുതൽ 12.08.2018 വരെ |
| | ശ്രീ.നിഖിൽ.കെ. | 13.08.2018 മുതൽ 23.09.2018 വരെ |
| | ശ്രീ.സുരാസു മുഹമ്മദ് | 24.09.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സൗമ്യ.ടി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് | ശ്രീമതി.സുബൈദ.എം.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ്എൻജിനിയർ | ശ്രീ.അജയകുമാർ.പി.കെ | 01.04.2018 മുതൽ 19.06.2018 വരെ |
| | ശ്രീമതി.സൗമ്യ.എം.പി. | 20.06.2018 മുതൽ 31.12.2018 വരെ |

| | | |
|---|---|---|
| | ശ്രീ.വിപിൻദാസ്.എം.എസ്. | 01.01.2019 മുതൽ<br><br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സുരേഷ് കുമാർ.എ | 01.04.2018 മുതൽ<br><br>31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. | 1-12 |
| 13 | ലൈസൻസ് സംബന്ധിച്ച അപാകതകൾ | 1-13 |
| 14 | സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-14 |
| 15 | ലേലം സംബന്ധിച്ച അപാകതകൾ | 1-15 |
| 16 | മണ്ണ് ലേലം ചെയ്തതിന്റെ തുടർവിവരം ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 17 | വാടക വരവിലെ അപാകതകൾ. | 1-17 |
| 18 | 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഫീസ് | 1-18 |

| | | |
|---|---|---|
| | ഈടാക്കാൻ ഗ്രാമ പഞ്ചായത്തിൽ നടപടി സ്വീകരിക്കേണ്ടതാണ് | |
| 19 | ടെണ്ടർ ഫോറത്തിന്റെ വില-പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-19 |
| 20 | കളക്ഷൻ ചാർജ് -ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-20 |
| 21 | കുടിവെള്ള വിതരണം - സേവന ഉപ-നികുതി സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ് | 1-21 |
| 22 | സ്ട്രീറ്റ് ലൈറ്റ് സേവനം-- സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ് | 1-22 |
| 23 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-23 |
| 24 | കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല | 1-24 |
| 25 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-25 |
| 26 | ആശ്രയ പ്രോജക്ട്- നിരവധിപേർ അർഹരായ ഗുണഭോക്താക്കളായിട്ടുണ്ടായിട്ടും വലിയ തുക അക്കൗണ്ടിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്നു | 1-26 |
| 27 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ആദ്യ ഗഡു സാമ്പത്തിക സഹായം സ്വീകരിച്ചിട്ട് രണ്ടു വർഷക്കാലം പിന്നിട്ടിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-27 |
| 28 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതി - അപാകതകൾ | 1-28 |
| 29 | പ്രത്യേക കന്നുകുട്ടിപരിപാലനം പദ്ധതി അപാകതകൾ | 1-29 |
| 30 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - അപാകതകൾ | 1-30 |
| 31 | അസറ്റ് മാനേജ്മെന്റ് മാന്വൽ - വ്യവസ്ഥകൾ നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-31 |
| | | |

| | | |
|---|---|---|
| 32 | നടപ്പാകാത്ത പ്രോജക്ടുകൾ - 2012 ലെ പി. ഡബ്ള്യു. ഡി മാന്വൽ വ്യവസ്ഥകൾ പാലിച്ചില്ല - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് | 1-32 |
| 33 | ആസ്തി രജിസ്റ്ററിൽ ചേർക്കാത്ത റോഡുകളിൽ നിർമ്മാണ പ്രവൃത്തി | 1-33 |
| 34 | ഡെപ്പോസിറ്റ് പ്രവൃത്തികൾ –തുടർ വിവരം ലഭ്യമാക്കേണ്ടതാണ് | 1-34 |
| 35 | മരാമത്ത് പണികൾ – പൊതുഅപാകതകൾ – സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ് | 1-35 |
| 36 | മരാമത്ത് പണികൾ - പിഡബ്ള്യുഡി മാന്വൽ വ്യവസ്ഥകൾ-പാലിക്കപ്പെടുന്നില്ല | 1-36 |
| 37 | പാറപ്പുറം മസ്ജിദ് റോഡ് ടാറിങ്ങ്, വാർഡ് 12 - ആസ്തി സംരക്ഷണത്തിന് ആവശ്യമായ ജാഗ്രത പുലർത്തേണ്ടത് അനിവാര്യം | 1-37 |
| 38 | മദ്രസ്സ റോഡ് ടാറിങ്ങ്, വാർഡ് 4 –വർക്ക് ഓർഡർ അനുസരിച്ചുള്ള ടെണ്ടർ കിഴിവ് വരുത്തിയില്ല | 1-38 |
| 39 | ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം | 1-39 |
| 40 | മണലാടി വെട്ടിക്കാട്ടിരി റോഡ് റീ ടാറിങ്ങ് - അപാകതകൾ | 1-40 |
| 41 | തെരുവിളക്കുകളുടെ പരിപാലനം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 1-41 |
| 42 | വ്യവസ്ഥകൾ പാലിക്കാതെ കരാറുകാരൻ തയ്യാറാക്കി നല്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് കരാർ തുക നല്കി | 1-42 |
| | ഭാഗം 2<br><br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br><br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | | |

| | | |
|---|---|---|
| 43 | മദ്രസ്സ റോഡ് ടാറിങ്ങ്, വാർഡ് 4 –വർക്ക് ഓർഡർ അനുസരിച്ചുള്ള ടെണ്ടർ കിഴിവ് വരുത്തിയില്ല | 3-1 |
| | ഭാഗം 4 | |
| 44 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 45 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 50 | ഓഡിറ്റ് റിക്കവറി | 4-7 |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 52 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിന്റെ വിവരം | 4-11 |
| 55 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 56 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 37,95,51,872 രൂപയും ചെലവ് 37,79,57,187 രൂപയും ആയിരുന്നു. എന്നാൽ യഥാർത്ഥ വരവ് 8,90,95,222 രൂപയും ചെലവ് 8,47,82,575 രൂപയും ആണ്. ബജറ്റും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 14.05.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് &

# പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 57,92,030 |
| വരവ് | 8,90,95,222 |
| ആകെ | 9,48,87,252 |
| ചെലവ് | 8,47,82,575 |
| നീക്കിയിരിപ്പ് | 1,01,04,677 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 16022798 | 16022798 | 15144866 | 877932 | 94.52% |
| വികസനഫണ്ട് എസ്.സി.പി. | 9266000 | 9266000 | 8801425 | 464575 | 94.98% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 19165000 | 19165000 | 19142593 | 22407 | 99.88% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3226000 | 3226000 | 3226000 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7339000 | 7339000 | 7083223 | 255777 | 96.51% |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 227 | 110692835 | 170 | 69261537 | - | 57 | 74.88% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഭരണ ചെലവുകൾ | | 1657 | 834682 | 836339 | 833514 | 2825 |
| നേരിട്ട് ബാങ്ക് ട്രാൻസ്ഫർ മുഖേന | അവിദഗ്ധ തൊഴിലാളി | 0 | 44313091 | 44313091 | 44313091 | 0 |
| | വിദഗ്ധ തൊഴിലാളി | 0 | 2232380 | 2232380 | 2232380 | 0 |
| | മെറ്റീരിയൽ | 0 | 6809330 | 6809330 | 6809330 | 0 |
| | ആകെ | 0 | 53354801 | 53354801 | 53354801 | 0 |
| | | | | | | |

| ഒട്ടാകെ | 1657 | 54189483 | 54191140 | 54188315 | 2825 |
|---|---|---|---|---|---|

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 140280 | 101 |
| കർഷകതൊഴിലാളി പെൻഷൻ | 7919200 | 933 |
| വിധവാപെൻഷൻ | 15104700 | 1743 |
| വാർദ്ധക്യകാലപെൻഷൻ | 20242700 | 2280 |
| വികലാംഗപെൻഷൻ | 4375700 | 502 |
| അവിവാഹിത പെൻഷൻ | 2314700 | 269 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 120000 | 4 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹20,616/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1)ബജറ്റും ബജറ്റ് നിയന്ത്രണവും (Budget and Budgetory Control)

ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17.03.18 ലെ (1)ാംനമ്പർ തീരുമാനപ്രകാരം 2018-19 സാമ്പത്തിക വർഷത്തെ കരട് ബജറ്റ് വായിച്ച് അംഗീകരിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 20.03.2018ൽ പ്രസ്തുത കരട് ബജറ്റ് നിർദ്ദേശങ്ങൾ ഭരണസമിതി മുൻപാകെ അവതരിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കരട് ബജറ്റ് പഞ്ചായത്ത് ഭരണസമിതി 27.03.18 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചതിനെ തുടർന്ന് 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് പാസ്സായി. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(1എ) വകുപ്പ് പ്രകാരം 2018-19 ലെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു എങ്കിലും തുടർന്ന് ചർച്ചകൾ നടന്നതായി ഭരണസമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും 27.03.18 ൽ ബജറ്റ് ഐക്യകണ്ഠേന അംഗീകരിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകരിച്ച ബജറ്റിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214(7)-ാം വകുപ്പനുസരിച്ചുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2018-19 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 05.02.19 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ 1(1) അനുസരിച്ച് 2018-19 ലെ പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്.

<u>2) അക്കൗണ്ടിംഗ്</u>

ഗ്രാമപഞ്ചായത്ത് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215-ാം വകുപ്പ് , 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം അതിന്റെ കണക്കുകൾ തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനും ബാധ്യസ്ഥമാണ്. ഇപ്രകാരമുള്ള നിയമവ്യവസ്ഥകൾ പാലിച്ച് ഗ്രാമപഞ്ചായത്ത് എത്രത്തോളം അതിന്റെ അക്കൗണ്ടിംഗ് ബാധ്യതകൾ നിർവ്വഹിച്ചു എന്നത് പ്രത്യേക പരാമർശമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>3) നികുതി ചുമത്തലും നിയന്ത്രണാധികാരവും</u>

ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് നികുതി ചുമത്തുന്നതിനുള്ള അധികാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുടർന്ന് 1996 ൽ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും, ഈടാക്കലും, അപ്പീലും) ചട്ടങ്ങളും സർക്കാർ പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നികുതി ചുമത്തുവാൻ പഞ്ചായത്ത് കൊണ്ടുവരുന്ന പ്രമേയം പാസാക്കുന്നതിനുള്ള നടപടിക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷം ഗ്രാമപഞ്ചായത്ത് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടില്ലാത്തതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം ഗ്രാമപഞ്ചായത്തുകൾക്ക് ചില നിയന്ത്രണ അധികാരങ്ങൾ നൽകിയിട്ടുണ്ട്. നിയമത്തിന്റെ മൂന്നാം പട്ടിക പ്രകാരം കെട്ടിട നിർമ്മാണം നിയന്ത്രിക്കുക, അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക തുടങ്ങിയവ ഇപ്രകാരമുള്ള നിയന്ത്രണ അധികാര പരിധിയിൽ വരുന്നതാണ്. ഈ നിയന്ത്രണ അധികാരങ്ങൾ പ്രയോഗിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് വിവിധ തരത്തിലുള്ള ഫീസുകൾ പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുവാൻ കഴിയുന്നു. 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ഇപ്രകാരമുള്ള നിയന്ത്രണ അധികാരം പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള നിയമവ്യവസ്ഥകളാണ്.

ഗ്രാമപഞ്ചായത്ത് നിയന്ത്രണ അധികാരങ്ങൾ പ്രയോഗിക്കുന്ന സമയത്ത് വരുത്തിയ വീഴ്ചകൾ ഉദാഹരണങ്ങൾ സഹിതം ഈ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

<u>4) ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്</u>

പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ്, ലക്ഷ്യങ്ങൾ നിർണ്ണയിച്ച്, സാധ്യതകൾ പരിഗണിച്ച്, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് അതിന്റെ അടിസ്ഥാനത്തിൽ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിനെയാണ് പൊതുവെ ആസൂത്രണം എന്ന് വിവക്ഷിക്കുന്നത്. ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ളതും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3-ാം പട്ടികയിൽ പറഞ്ഞിട്ടുള്ളതുമായ സംഗതികളെ സംബന്ധിച്ച് സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമാണ് നിയമപ്രകാരം ഗ്രാമപഞ്ചായത്തുകളെ ഭാരമേൽപ്പിച്ചിട്ടുള്ളത്.

2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 29.01.18 തീയതിയിലെ സ.ഉ(കൈ)നം.11/18/തസ്വഭവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ അതാത് മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിരുന്നു. ഇപ്രകാരം രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പുകൾ അതാത് വികസന മേഖലയിൽ തയ്യാറാക്കിയ അവസ്ഥാരേഖ (Status Report) പരിശോധനയ്ക്ക് ലഭിച്ചില്ല.

മേൽ ഉത്തരവിന്റെ ഖണ്ഡിക 9 പ്രകാരം ബഡ്ജറ്റ് അംഗീകരിക്കുന്നതിന് മുൻപായി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടാനായില്ലെങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബഡ്ജറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കേണ്ടതുമാണ്.

അതായത് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങൾ/ഭേദഗതി ശുപാർശ ചെയ്യപ്പെട്ടാൽ പ്രസ്തുത നിർദ്ദേശങ്ങൾ/ ഭേദഗതികൾ ഉൾപ്പെടുത്തിയ പുതുക്കിയ ബഡ്ജറ്റ് പാസാക്കാൻ ഗ്രാമപഞ്ചായത്തിന് ബാധ്യതയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം പുതുക്കിയ ബഡ്ജറ്റ് പാസ്സാക്കിയല്ല പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. [ ഉദാ: (i) 19.04.18 ലെ ഭരണസമിതി തീരുമാനം 2(1) പ്രകാരം 2017-18 ൽ പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രവൃത്തികൾ സ്പിൽ ഓവറായി 2018-19 ൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. ബഡ്ജറ്റ് പുതുക്കിയില്ല.]

പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ് എന്നും മേൽ പരാമർശിച്ച 29.01.18 ലെസർക്കാർ ഉത്തരവിലെ ഖണ്ഡിക 13.1 വ്യക്തമാക്കുന്നു. എന്നാൽ ചില പ്രൊജക്ടുകളൊഴിച്ച് ഇപ്രകാരം എല്ലാ പ്രൊജക്ടുകളിലും മോണിറ്ററിംഗ് പ്രവർത്തനം നടത്തിയതിന് രേഖകൾ സൂക്ഷിക്കുകയോ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-10-2020 | 2020 ഫെബ്രുവരി,മാർച്ച് | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-06-2003 | 1997-98മുതൽ 2002-03 വരെ | 18-08-2003 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് ))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1453219 | 1057016 | 79056 | 329817 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1453763 | 1057561 | 79056<br>350410101-Advance collection-PT on Residential building-ന്റെ ലെഡ്ജർ പ്രകാരം79056 (Vr.No.41800343) മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെങ്കിലും | *330388 |

| | | | | |
|---|---|---|---|---|
| | | | 2016-17ലെ വാർഷിക കണക്കിന്റെ അനുബന്ധ ക്രമ നം. 6(1) ആയി Advance Collectionൽ Residential & Non-Residential 2016-17 വർഷം 393 രൂപ, 68രൂപ മാത്രമാണ് കളക്ഷനെന്നും എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9ഷെഡ്യൂളിൽ അടുത്ത വർഷത്തേക്കുള്ള അഡ്വാൻസ് കളക്ഷനായി യഥാക്രമം 308302, 17564 ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആയത് സംബന്ധിച്ച ജേണൽ വൗച്ചറുകൾ ലഭ്യമായിട്ടില്ലെന്നും അപാകതയായി പറഞ്ഞിട്ടുള്ളതിനാൽ ടി തുക അഡ്വാൻസ് ലെഡ്ജറുകളിൽ ഉൾപ്പെടുത്തിയത് അംഗീകരിക്കുന്നില്ല. | |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(346907 /105X100)= 330388<br><br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 958588 | 771314 | 8635 | 181677 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 958588 | 771314 | 8635 | *181786 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 190875 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കുടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 422322 | 321840 | 217824 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 672374 | 319112 | ** 218901 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (195913+510080=705993/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (229846/105X100)=...... |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 272503 | 104390 | 169702 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 190356 | 104390 | **169862 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (53820+146054=199874/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (178355/105X100)=169862 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| | | | | | | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 74657 | 23841 | 98498 | 53555 | 16247 | 69802 | 4189 | | 17090 | 12022 | 29112 |
| | നോൺ-റെസിഡൻഷ്യൽ | 48286 | 13862 | 62148 | 38733 | 5217 | 43950 | 437 | | 9198 | 8653 | 17851 |
| | ആകെ | | | 137231 | | | 113752 | | | 46963 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 168383 | | | 114628 | | | 0 | 121420 | 46,963 | | |
| | | 45412+122971=206086 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State govt. Cess/levies ലെഡ്ജർ 2018-19) | | | {റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)} | | | | (431910101 - State govt. Cess/levies ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2019ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 352743 | 127401 |
| 2 | 350410101-Advance collection of revenues - Property tax on Non-Residential building | 17564 | 4511 |

2.6 1/4/2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ

രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ 245 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് വിവിധ ഡിമാന്റ് എൻട്രികൾക്കും റിവേഴ്സ് എൻട്രികൾക്കും ശേഷം 31/03/2019 ൽ ഒറ്റ എൻട്രിയായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,14,628രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 1,13,752 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 121420 രൂപയാണ്. (വൗച്ചർ 41800,319. തീ 31/03/19 (പട്ടിക 2.3 കാണുക )

2.8 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 9,45,983രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 45,047 (945983/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 46,963രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

2.9 വസ്തുനികുതി ഡിമാന്റും കളക്ഷനുമായി ബന്ധപ്പെട്ട വിവിധ ശീർഷകങ്ങളുടെ ലെഡ്ജറുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ജേണൽ എൻട്രികൾക്ക് സാധുത നൽകുന്ന വൗച്ചറുകളോ അനുബന്ധരേഖകളോ ഇല്ല. എൻട്രികളെ സംബന്ധിക്കുന്ന വിശദീകരണവും ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ജേണൽ എൻട്രികൾ അനാവശ്യമായി രേഖപ്പെടുത്തുകയോ മറ്റ് ചിലവ രേഖപ്പെടുത്താതിരിക്കുകയോ ചെയ്തിട്ടുണ്ട്.

2.9.1 431100103-Receivable for Property tax on non residential Buildings (Current) എന്ന ശീർഷകത്തിൽ ലൈബ്രറി സെസ് ഡിമാന്റ് ആയി 48,286/- രൂപ ജേണൽ എൻട്രി നടത്തിയിട്ടുണ്ട് (വൗച്ചർ നം.41800295). എന്നാൽ മേൽ ശീർഷകത്തിന് ബാധകമായ ലൈബ്രറി സെസ് കളക്ഷൻ തുക ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

2.9.2 431100101-Receivables for Property tax on Residential Buildings(Current) എന്ന ശീർഷകത്തിൽ ലൈബ്രറി സെസ് ഡിമാന്റ് ആയി 74,685/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട് (വൗച്ചർ നം.41800293). എന്നാൽ ഇതേ ശീർഷകത്തിൽ നിന്ന് ലൈബ്രറിസെസ് കളക്ഷനായി കുറവ് ചെയ്തിരിക്കുന്നത് 1,21,420/- രൂപയാണ് (വൗച്ചർ നം.41800319).

2.9.3 431100102-Receivable for Property tax on Residential Building (Arrear), 431100104-Receivable for Property tax on Non Residential Building (Arrear) എന്നീ ശീർഷകങ്ങളിലേക്ക് ലൈബ്രറിസെസ് ഡിമാന്റ് തുകകൾ ഉൾപ്പെടുത്തുകയും (Rs.23841 വൗച്ചർ നം.41800292, Rs.13862 വൗച്ചർ നം.41800294) അതേ തുകകൾ റിവേഴ്സ് എൻട്രി നടത്തുകയും ചെയ്തിട്ടുണ്ട് (വൗച്ചർ നം.41800302, വൗച്ചർ നം.41800303). എന്നാൽ മേൽ ശീർഷകങ്ങളിൽ കളക്ട് ചെയ്ത വസ്തുനികുതിക്ക് ബാധകമായ ലൈബ്രറിസെസ് ടി ശീർഷകങ്ങളിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

മേൽ അപാകതകൾ മൂലം വസ്തുനികുതിയിനത്തിലെ വരവ് ചെലവ് നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് .

4. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന ഇനത്തിന്റെ തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി അപാകതകളിൽ ചേർത്തിരിക്കുന്നു)

തൊഴിൽ /മുറി വാടക

| ഇനം | കുടിശ്ശിക | തൻവർഷ ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വാടക (ഡിമാന്റ് രജിസ്റ്റർ പ്രകാരം) | 2050 | 57148 | 59158 | 0 |
| വാടക (വാർഷിക കണക്ക് പ്രകാരം) | 2110<br>(17-18 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-15) | 57048 | 55737(തൻവർഷം)<br>*3421(കുടിശ്ശിക) | 0 |

* വാർഷിക കണക്കിലെ കുടിശ്ശിക ഡിമാന്റിനേക്കാൾ കൂടുതൽ പിരിച്ചെടുത്തിട്ടുണ്ട്.

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15(a) പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2019 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | 2018-19 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2019 ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| 1. | 270100101-Provision for Doubtful Receivable-Property tax | 1,13,166 | 9,82,611 |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം ആകെ 8,99,020 രൂപയാണ് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക. എന്നാൽ ബാലൻസ് ഷീറ്റ് ബി-15(a)യിൽ അക്യുമുലേറ്റഡ് പ്രൊവിഷനായി രേഖപ്പെടുത്തിയിരിക്കുന്നത് 982611 രൂപയാണ്.

6. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 248732 |
| 280100104-Prior period income-Property tax on non residential buildings | (84422) |
| 280100102-Prior period income-Profession Tax Traders | (13340) |

7. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8.1. Accumulated Depreciation for assets in 18-19 വർക്ക്ഷീറ്റ് പ്രകാരം ആസ്തിയുടെ മൂല്യം 65152755 രൂപയും Accumulated Depreciation (17904950.98) രൂപയുമാണ്. ആസ്തിയുടെ അറ്റമൂല്യം (65152755-17904950.98= 47247804) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരമുള്ള ആസ്തിയുടെ അറ്റ മൂല്യവുമായി (64796209) പൊരുത്തപ്പെടുന്നില്ല.

9. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalants" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 43,12,647 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3169024രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

10. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11. 2018-19 വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി ട്രേഡേഴ്സ് ഇനത്തിൽ ഡിമാന്റ് 166150 രൂപയും കളക്ഷൻ 164900 രൂപയുമാണ്. വ്യത്യാസം 1250 രൂപ കുടിശ്ശികയായി രേഖപ്പെടുത്തേണ്ടതിന് പകരം ബാലൻസ് ഷീറ്റിൽ അഡ്വാൻസ് കളക്ഷനായാണ് രേഖപ്പെടുത്തിയിരിക്കുന്നത്(350410102).

12. 2017-18 വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി (ട്രേഡേഴ്സ്) ഇനത്തിൽ കുടിശ്ശിക ഇല്ല (ബി-15). എന്നാൽ 2018-19 ൽ ആർ.പി. 43 ൽ അരിയർ കളക്ഷനായി 3750 രൂപ കാണിച്ചിട്ടുണ്ട്.

# 1-12 തൊഴിൽ നികുതി - ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി കാണുന്നില്ല.

1. എ.ബി.എം. ബേക്കറി, കിള്ളിംഗലം (രണ്ട് അർദ്ധവർഷങ്ങളിലും)
2. ഡിസൈൻ എഡ്ജ് പ്രൊഡക്ട്സ് (രണ്ടാം അർദ്ധവർഷം)
3. അലിമോൻ.എൻ.എം.എൻ.എസ്. ഹോളോ ബ്രിക്സ് (രണ്ട് അർദ്ധവർഷങ്ങളിലും)
4. ഹൈപവർ മാരുതി സർവ്വീസ് സെന്റർ ഉദുവടി. (രണ്ടാം അർദ്ധവർഷം)
5. സ്റ്റാർ ഇൻഡസ്ട്രീസ് പൈങ്കുളം (രണ്ടാം അർദ്ധവർഷം)

ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 21/20-10-20 നൽകിയതിനെത്തുടർന്ന് ക്രമ നം. 1, 2, 5 എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 ലൈസൻസ് സംബന്ധിച്ച അപാകതകൾ

1) ലൈസൻസ് -പഴയ മാതൃക പിന്തുടരുന്നു

31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി & ഒ ലൈസൻസ് എന്നത് FTEAOS ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ലൈസൻസുകളെല്ലാം പഴയ മാതൃകയിലാണ് നൽകിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേര് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത് ഏത് മാനദണ്ഡപ്രകാരമാണ് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

2) കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 എന്നിവ പ്രകാരം വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത് പ്രകാരമുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.

3) പഞ്ചായത്തിലെ റേഷൻ കടകൾ, കള്ള് ഷാപ്പ് എന്നിവ ലൈസൻസ് എടുക്കുകയോ, തൊഴിൽ നികുതി അടവാക്കുകയോ ചെയ്തതായി രജിസ്റ്ററുകളിൽ വിവരമില്ല.

4) പഞ്ചായത്ത് ഭരണസമിതിയുടെ 21.06.2018 തീയതിയിലെ 32(1) യോഗതീരുമാനം പ്രകാരം ചേലക്കര ഗ്രാനൈറ്റ്സ് എന്ന സ്ഥാപനം യന്ത്രങ്ങളുടെ പ്രവർത്തനം 850 എച്ച്.പി യിൽ നിന്നും 1325 എച്ച്.പി ആക്കി വർദ്ധിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത് നിയമാനുസൃതഫീസുകൾ ഈടാക്കി അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5) 10.12.2018 തീയതിയിലെ 26(1) നമ്പറിലുള്ള പഞ്ചായത്ത് ഭരണസമിതി യോഗതീരുമാന പ്രകാരം അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായും ആയത് സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് വയ്ക്കുന്നതിന് സബ്കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ക്വാറികളുടെ വിവരവും അവയ്ക്കെതിരെ സ്വീകരിച്ച നടപടികളും ലഭ്യമാക്കുകയുണ്ടായില്ല. അനധികൃത ക്വാറികളുടെ പ്രവർത്തനം തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 30/21.10.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

# 1-14 സി.എസ്.ആർ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ചേലക്കര ഗ്രാനൈറ്റ്സ്, കിള്ളിമംഗലം വില്ലേജ് സർവ്വെ നം.836, 837 ൽപ്പെട്ട 0.9340 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കൽ ഖനനം ചെയ്യുന്നതിനായി ക്വാറിയിംഗ് ലീസിനുള്ള എൻവയേൺമെന്റ്

ക്ലിയറൻസിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, സീനിയർ ജിയോളജിസ്റ്റ് & മെമ്പർ സെക്രട്ടറി, ഡിസ്ട്രിക്ട് ലെവൽ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി (DEAC) തൃശ്ശൂരിന്റെ 11/07/2018 ലെ 26/സി.2/ടിഡിഒ/2018 നമ്പർ കത്തിൽ അപേക്ഷകൻ സമർപ്പിച്ച പ്രോജക്റ്റിൽ കരിങ്കൽ ഖനനത്തിനുള്ള പരിസ്ഥിതി ക്ലിയറൻസും ആവശ്യമായ മറ്റ് ലൈസൻസുകളും ലഭിക്കുന്ന പക്ഷം പഞ്ചായത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന സി.എസ്.ആർ (Corporate Social Responsibility) പ്രവർത്തനങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കുകയും ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ലഭ്യമാക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. സ്ഥാപനം ഹാജരാക്കിയ സി.എസ്.ആർ ആക്ടിവിറ്റീസിൽ ആവശ്യമായ മാറ്റങ്ങൾ പഞ്ചായത്ത് കമ്മിറ്റിക്ക് നിർദ്ദേശിക്കാവുന്നതും ക്വാറിയിങ്ങ് ഉദ്ദേശിക്കുന്ന വാർഡിൽ തന്നെ പദ്ധതി നടപ്പാക്കണമെന്ന് നിഷ്കർഷിക്കാവുന്നതുമാണ് എന്നും അറിയിക്കുകയുണ്ടായി.

ഇത് പോലെത്തന്നെ ശ്രീമതി.ശോഭന, പാലതൊടി ഹൌസ്, കൊളപ്പുള്ളി.പി.ഒ, പാലക്കാട് എന്നവർ പൈങ്കുളം വില്ലേജിൽ സർവ്വെ നം.60/1 ൽപ്പെട്ട 0.9840 ഹെക്ടർ സ്ഥലം കരിങ്കല്ല് ഖനനം ചെയ്യുന്നതിനായി ക്വാറിയിങ്ങ് പെർമിറ്റിനുള്ള എൻവൈയേൺമെന്റ് ക്ലിയറൻസ് അപേക്ഷയിന്മേൽ ഡിസ്ട്രിക്ട് ലെവൽ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ 20.04.2018 തീയതിയിലെ 23/സി2/ടിഡിഒ/2018 നമ്പർ കത്തിലും സമാന നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതിയുടെ 28.07.2018 തീയതിയിലെ 13/1 യോഗതീരുമാനത്തിൽ, ചേലക്കര ഗ്രാനൈറ്റ്സ് ക്വാറിയിംഗ് ലീസിനുള്ള എൻവയേൺമെന്റ് ക്ലിയറൻസിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ, സീനിയർ ജിയോളജിസ്റ്റ് & മെമ്പർ സെക്രട്ടറി, ഡിസ്ട്രിക്ട് ലെവൽ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ കത്തിൽ നിർദ്ദേശിക്കുന്ന പ്രകാരം വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ മേഖലകളിൽ എല്ലാ വർഷവും 3,00,000/- രൂപയുടെ സി.എസ്.ആർ (Corporate Social Responsibility) പ്രവർത്തനങ്ങൾ നടത്തേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

ഇതേ രീതിയിൽ 10.12.2018 തീയതിയിലെ 24(1) നമ്പറിലുള്ള പഞ്ചായത്ത് ഭരണസമിതി യോഗതീരുമാന പ്രകാരം പൈങ്കുളം വില്ലേജിൽ സർവ്വേ 60/1 ൽപ്പെട്ട 0.9840 ഹെക്ടർ സ്ഥലത്ത് കരിങ്കൽ ഖനനം ചെയ്യുന്നതിന് പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിന് ശ്രീമതി.ശോഭന, പാലുതൊടി വീട്, കൊളപ്പുള്ളി എന്നവർ പഞ്ചായത്തിൽ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിന് വിരോധമില്ല എന്ന് ഡിസ്ട്രിക്ട് ലെവൽ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി, തൃശ്ശൂരിനെ അറിയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 3,50,000/- രൂപയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള രൂപരേഖയാണ് സ്ഥാപനം സമർപ്പിച്ചിരുന്നത്.

ഈ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനോ, ആയത് ഉറപ്പ് വരുത്തുന്നതിനോ, മോണിറ്റർ ചെയ്യുന്നതിനോ, രേഖപ്പെടുത്തി വയ്ക്കുന്നതിനോ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിച്ച നിയന്ത്രണാധികാരം ഫലപ്രദമായി എന്ന് ഉറപ്പാക്കാനുതകുന്ന ഒരു സംവിധാനം പഞ്ചായത്തിനില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.30/21.10.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

2013 ലെ കമ്പനീസ് ആക്ട് (അമെൻഡ്മെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ

കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെയും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതാണ്. വാർഡ് 5, പൈങ്കുളം വില്ലേജ് സർവ്വേ നം.1007, 1008 റോയ് മാത്യു എന്നയാളുടെ ഫൈവ് സ്റ്റാർ ഗ്രാനൈറ്റ്സ്, വാർഡ് 5, പൈങ്കുളം വില്ലേജ് സർവ്വേ നം. 1015/P കെ.എസ്.കലന്തർ എന്നയാളുടെ ഫൈവ്സ്റ്റാർ ഗ്രാനൈറ്റ്സ്, വാർഡ് 10, പൈങ്കുളം വില്ലേജ് സർവ്വേ നം. 1027, 1028 ടി.മാത്യു എബ്രഹാം എന്നയാളുടെ സതേൺ റോക്ക്സ് & അഗ്രിഗേറ്റ് എന്നീ സ്ഥാപനങ്ങൾക്ക് 2014 മുതൽ 2019 വരെയുള്ള അഞ്ച് വർഷത്തേക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഈ സ്ഥാപനങ്ങളെയും സി.എസ്.ആർ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട തീരുമാനം സ്വീകരിക്കാവുന്നതാണ്.

ഈ സാഹചര്യത്തിൽ പഞ്ചായത്ത് ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി എന്ന് ഉറപ്പാക്കാനുതകുന്ന ഒരു സംവിധാനം പഞ്ചായത്തിൽ ഉണ്ടാകേണ്ടതായുണ്ട് എന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

# 1-15 ലേലം സംബന്ധിച്ച അപാകതകൾ

1) ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ മുളങ്കുട്ടങ്ങൾ ലേലം നടത്തിയ വകയിൽ ലേലം കൊണ്ട വ്യക്തിയായ ശ്രീ.നാരായണൻകുട്ടി, മനപ്പടിക്കൽ, വെട്ടിക്കാട്ടിരി എന്നയാളിൽ നിന്നും 24,050/- രൂപ ഈടാക്കിയിട്ടുണ്ട്. അസി.കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 27.04.2018 തീയതിയിലെ എസ്.എഫ് 2-3934/17 നമ്പർ കത്ത് പ്രകാരം ലേലത്തുകയുടെ 5% ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സ് അടവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ തുക അടവാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. തുക ഈടാക്കി അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) 29.09.2018 തീയതിയിലെ ഭരണസമിതി തീരുമാനം നം. 6(1) പ്രകാരം വിവിധ സ്ഥലങ്ങളിലെ മരങ്ങൾ ലേലം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മിനിറ്റ്സിൽ ഫോറസ്റ്റ് അസിസ്റ്റന്റ് കൺസർവേറ്ററുടെ വിവിധ വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ പ്രകാരം മരങ്ങളുടെ വില നിശ്ചയിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് താഴെ ചേർക്കുന്നു.

I) SF2-2960/18, വല്ലങ്ങിപ്പാറ അംഗൻവാടി, കുടുംബക്ഷേമ കേന്ദ്രം

i) അക്കേഷ്യ – Timber - 8866/-, FW - 150/-

ii) പൂള Timber – 9850/-

iii) കരിമ്പന Timber – 100/-

II) SF2-3347/18, പി.എച്ച്.സി, പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

i) വേപ്പ് (ഇരുകവര) Timber – 6375/-, FW - 965/-

ii) വേപ്പ് (ഇരുകവര) Timber – 5592/-, FW – 662/-

III) SF2-3348/18, എ.എൽ.പി.എസ്.കീഴില്ലം

i) പൂള Timber – 21709/-

ii) മുള Timber – 8500/-

iii) ചടച്ചി Timber – 8823/-, FW – 965/-

ഈ മരങ്ങളുടെ ലേലം നടന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല. 2018-19 വർഷത്തെ വാർഷിക കണക്കിൽ ഇത് പ്രകാരമുള്ള വരവ് വന്നിട്ടുമില്ല. മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/20.10.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ലേലം നടന്നിട്ടുണ്ടെങ്കിൽ തുക ഈടാക്കുന്നതിനും അല്ലാത്തപക്ഷം ലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-16 മണ്ണ് ലേലം ചെയ്തതിന്റെ തുടർവിവരം ലഭ്യമാക്കേണ്ടതാണ്.

വടക്കാഞ്ചേരി മണ്ണ് സംരക്ഷണ ഓഫീസറുടെ പാഞ്ഞാൾ പഞ്ചായത്തിലെ കന്നാംതോട് നീർത്തട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കാട്ടിൽകുളത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് കുളത്തിൽ നിന്നും നീക്കം ചെയ്ത 640ഘനമീറ്റർ മണ്ണ് പഞ്ചായത്ത് ഏറ്റെടുത്ത് ലേലം ചെയ്യുന്നതിന് 28.05.18ലെ ഭരണസമിതി തീരുമാനം 9(1) പ്രകാരം നിശ്ചയിച്ചിരുന്നു. മണ്ണ് ലേലം ചെയ്തതിന്റെ തുടർവിവരം ലഭ്യമാക്കേണ്ടതാണ്. ( MORD ഡാറ്റ പരിഗണിച്ചാൽ എം3 ന് ഏറ്റവും ചുരുങ്ങിയത് 159 രൂപയാണ് മണ്ണിന്റെ വില.)

(ഓഡിറ്റ് എൻക്വയറി നം. 13/15.10.20--മറുപടി ലഭിച്ചില്ല.)

# 1-17 വാടക വരവിലെ അപാകതകൾ

വാടക വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പഞ്ചായത്ത് ഭരണസമിതിയുടെ 31.08.2018 തിയതിയിലെ 8(1) തീരുമാനപ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിന്റെ കരട് ബൈലോ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബൈലോക്ക് സർക്കാർ അംഗീകാരം ലഭിച്ച് അന്തിമമാക്കി പുറപ്പെടുവിച്ചതായുള്ള വിവരം ലഭ്യമല്ല.

2) രജിസ്റ്റർ പ്രകാരം നിലവിൽ ഷോപ്പിംഗ് കോംപ്ലക്സിലെ 4 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. പഞ്ചായത്തിന് മുൻപിലുള്ള കെട്ടിടം വാടകയ്ക്ക് നൽകിയിട്ടില്ല. ഈ വിവരത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

3) വാടകക്കാരുമായി കരാർ ചമച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) വാടക രജിസ്റ്ററിൽ മാവേലി സ്റ്റോറിന്റെ വാടക 1298+234(GST)=1532 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 1236 രൂപ മാത്രമാണ് അടവാക്കുന്നത്. ജി.എസ്.ടി അടവാക്കുന്നുമില്ല. വാടകയിൽ കുറവ് വന്ന തുകയും ജി.എസ്.ടി യും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

5) രജിസ്റ്ററിൽ വാടക കുടിശ്ശിക 2050 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ രജിസ്റ്ററിൽ തന്നെ 2017-18 വർഷത്തെ കണക്കിൽ ലഭിക്കാനുള്ള വാടക ബാക്കി 2110 രൂപ (2017-18 വർഷത്തെ വാർഷിക കണക്കിലും 2110 രൂപയാണ്) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതേ സമയം 2018-19 വാർഷിക കണക്കിൽ കുടിശ്ശിക വരവായി 3421 രൂപയാണ് കാണിച്ചിട്ടുള്ളത്.

6) വാടക രജിസ്റ്റർ പ്രകാരമുള്ള 4 വാടകക്കാരുടെ വാടക കണക്കാക്കിയാൽ തൻവർഷം 57852 രൂപയാണ് {(1076+1076+1371+1298=4821)x12=57852} ഡിമാന്റ്, കളക്ഷൻ എന്നിങ്ങനെ വരേണ്ടത്. എന്നാൽ വിവിധ ഇടങ്ങളിലെ രേഖപ്പെടുത്തലുകൾ താഴെ ചേർക്കുന്നു.

| | വാർഷിക കണക്ക് | ഡി.സി.ബി രജിസ്റ്റർ | യഥാർത്ഥത്തിൽ വരേണ്ട തുക |
|---|---|---|---|
| കുടിശ്ശിക | 2110 | 2050 | 2110 |
| ഡിമാന്റ് | 57048 | 57148 | 57852 |
| കളക്ഷൻ | 55737 | 57148 | 55737 |
| ബാലൻസ് | 0 | 0 | 2115 (കറന്റ്) |

കളക്ഷൻ രജിസ്റ്റർ പ്രകാരമുള്ള വരവ് (1076+1076+1371+1236=4759)x12=57108 രൂപയാണ് . 744 (62x12)

രൂപ മാവേലി സ്റ്റോറിന്റെ കുടിശ്ശികയാണ്, ഇത് രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം വാടക ലെഡ്ജർ പരിശോധിച്ചതിൽ റൂം നം. XIV/229 ലെ വാടകക്കാരനായ വാസുദേവൻ 11 മാസ വാടക മാത്രമാണ് അടവാക്കി കാണുന്നത്. ഇത് പ്രകാരം ഇയാളുടെ ഒരു മാസ വാടകയായ 1371 രൂപയും ചേർത്ത് 2115 രൂപ കുടിശ്ശിക ഈടാക്കാനുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, ഈടാക്കാനുള്ള കുടിശ്ശിക ഈടാക്കേണ്ടതും ആണ്.

മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണ നം.28/20.10.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

# 1-18 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിന്, ചട്ടങ്ങൾക്ക് വിധേയമായി വണ്ടിത്താവളങ്ങൾ ഏർപ്പെടുത്താനും ഫീസ് ചുമത്താനും അധികാരം നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തിട്ടുണ്ട്.

താഴെ ചേർക്കുന്ന ഭരണസമിതി തീരുമാനങ്ങൾ പ്രകാരം അതാതിന് നേരെ ചേർത്ത വാഹനങ്ങൾക്ക് വാഹന സ്റ്റാൻഡിൽ വാഹനം പാർക്കു ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

| ക്രമ നംപർ | ഭരണസമിതി തീരുമാനം, തീയതി | വാഹന നംപർ, തരം | അനുമതി ലഭിച്ച വ്യക്തി | അനുമതി ലഭിച്ച സ്ഥലം |
|---|---|---|---|---|
| 1 | 13(1)/19.04.18 | KL 35 F 4883, ഓട്ടോറിക്ഷ | മൂച്ചിക്കൽ വീട്ടിൽ ഷാജഹാൻ | തൊഴൂപ്പാടം സ്റ്റാൻഡ് |
| 2 | 21(1)/28.05.18 | KL 48 L 8216, ഓട്ടോറിക്ഷ | ഷാജി. എ. എ | തൊഴൂപ്പാടം സ്റ്റാൻഡ് |
| 3 | 22(1)/09.07.18 | KL 48 C 9923, ഓട്ടോറിക്ഷ | ബഷീർ. പി. എം | തൊഴൂപ്പാടം സ്റ്റാൻഡ് |

ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നംപർ 18/19.10.20) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം എത്ര വണ്ടിത്താവളങ്ങൾ ഉണ്ട്?

2) ഓരോ വണ്ടിത്താവളങ്ങളിലും എത്ര വീതം വാഹനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചിട്ടുണ്ട്?

3) വണ്ടിത്താവളങ്ങളിൽ, 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ പ്രകാരം ഫീസുകൾ പിരിക്കുന്നുണ്ടോ? ആയത് കുത്തക അവകാശമായി ആർക്കെങ്കിലും നൽകിയിട്ടുണ്ടോ?

4) മേൽ വിവരിച്ച വ്യക്തികളിൽ നിന്നും ചട്ടപ്രകാരം ഫീസ് ഈടാക്കിയിട്ടുണ്ടോ?

ആയതിനാൽ മേൽ കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം, കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ചും, 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ പ്രകാരവും ഗ്രാമ പഞ്ചായത്തിൽ ഫീസ് പിരിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

# 1-19 ടെണ്ടർ ഫോറത്തിന്റെ വില-പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2018-19വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത തുകയും, മുൻ വർഷങ്ങളിലെ അർഹമായ തുക ഇപ്രകാരം ഇനിയും ലഭിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 11/15.10.20--മറുപടി ലഭിച്ചിട്ടില്ല.)

# 1-20 കളക്ഷൻ ചാർജ് -ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം (സെൻട്രൽ നിയമം) വകുപ്പുകൾ 3(1),(2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത തുക ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. വകുപ്പ് 3(3) അനുസരിച്ച് ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷം, (2018-2019)-ൽ, ഗ്രാമപഞ്ചായത്ത് ഇപ്രകാരം ബോർഡിലേക്ക് അടവാക്കിയ തുകയിൽ നിന്നും ആയതിന്റെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല. കളക്ഷൻ ചാർജ് ഈടാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 12/15.10.20--മറുപടി ലഭിച്ചില്ല.)

# 1-21 കുടിവെള്ള വിതരണം - സേവന ഉപനികുതി സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ്.

19.03.2019 ലെ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം നം.6 പ്രകാരം പാഞ്ഞാൾ

ഗ്രാമപഞ്ചായത്തിൽ നിലവിൽ നികുതി-നികുതിയേതര വരുമാനം കുറവാണെന്ന് യോഗം വിലയിരുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നു. എന്നാൽ ഈ കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും വാട്ടർചാർജ്ജ് ആവശ്യത്തിലേക്കായി 2018-19 വർഷത്തിൽ താഴെപറയുംപ്രകാരം തുക വാട്ടർഅതോറിറ്റിയിലേക്ക്അടവാക്കിയിട്ടുണ്ട്.

| മാസം | വൗച്ചർ നം. | ഫണ്ട് വിവരം | തുക (₹) |
|---|---|---|---|
| 4/2018 | 21800090/28.04.18 | തനത് ഫണ്ട് | 51625 |
| 5/2018 | 21800212/02.06.18 | തനത് ഫണ്ട് | 51625 |
| 6/2018 | 21800296/26.06.18 | തനത് ഫണ്ട് | 51625 |
| 7/2018 | 21800492/03.08.18 | തനത് ഫണ്ട് | 51625 |
| 8/2018 | 21800724/30.08.18 | മെയിന്റനസ് (നോൺ റോഡ്) | 51625 |
| 9/2018 | 21800664/29.09.18 | തനത് ഫണ്ട് | 51625 |
| 10/2018 | 21800921/23.10.18 | മെയിന്റനസ് (നോൺ റോഡ്) | 51625 |
| 11/2018 | 21800980/27.11.18 | മെയിന്റനസ് (നോൺ റോഡ്) | 51625 |
| 12/2018 | 21801163/19.12.18 | മെയിന്റനസ് (നോൺ റോഡ്) | 51625 |
| 01/2019 | 21801325/30.01.19 | മെയിന്റനസ് (നോൺ റോഡ്) | 51625 |
| 2/2019 | 21801344/25.02.19 | മെയിന്റനസ് (നോൺ റോഡ്) | 51625 |
| 3/2019 | 21801395/13.03.19 | മെയിന്റനസ് (നോൺ റോഡ്) | 51625 |
| ആകെ | | | 6,19,500 |

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് പൊതുടാപ്പ്സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതും, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതുമാണ്. വാട്ടർഅതോറിറ്റിയ്ക്ക് പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ളവിതരണത്തിനായി മേൽ പട്ടികപ്പെടുത്തിയ പ്രകാരം വൻതുക അടവാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ ഇപ്രകാരം സേവന ഉപനികുതി ചുമത്താനാകുമോ എന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

വാട്ടർ അതോറിറ്റി കുടിവെള്ളവിതരണ രേഖകൾ പരിശോധിച്ചതിൽ നിലവിൽ 118 പൊതുടാപ്പുകൾക്ക് പ്രതിമാസം ചാർജ്ജ് ഒടുക്കി വരുന്നു. ഗ്രാമപഞ്ചായത്തിൽ, ത്രിതല പഞ്ചായത്ത് സംവിധാനം മുഖേനെ നടപ്പിലാക്കിയ നിരവധി കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്.

ആയതിനാൽ ഉപയോഗത്തിലില്ലാത്തതും പ്രവർത്തിക്കാത്തതുമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനു ഇത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും അതുവഴി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം കണ്ടെത്തി, ഈ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് പാഴ്ചെലവുണ്ടാകുന്നുണ്ടോ എന്ന വിവരം അടിയന്തിരമായി പരിശോധനാവിധേയമാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.01/14.10.2020)

# 1-22 സ്ട്രീറ്റ് ലൈറ്റ് സേവനം-- സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജ് ആവശ്യത്തിലേക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 21800041/ 04.04.18 | 90651 |
| 21800122/ 08.05.18 | 90651 |
| 21800192/ 01.06.18 | 90651 |
| 21800341/ 04.07.18 | 90651 |
| 21800493/ 03.08.18 | 90651 |
| 21800597/ 03.09.18 | 92320 |
| 21800693/ 03.10.18 | 93596 |
| 21800822/ 09.11.18 | 93596 |
| 21800987/ 10.12.18 | 96924 |
| 21801071/ 07.01.19 | 93596 |
| 21801145/ 01.02.19 | 90651 |
| 21801290/ 05.03.19 | 93448 |
| ആകെ | 1107386 |

ഇതിനുപുറമേ തെരുവു വിളക്ക റിപ്പയർ ചെയ്യുന്നതിനായി രണ്ട് പ്രോജക്ടുകളിലായി 8,10,850 രൂപയും (പ്രോജക്ട് നംപർ 15/19 = 599650 രൂപ ; പ്രോജക്ട് നംപർ 162/19 = 211200 രൂപ ), പുതിയ തെരുവു വിളക്കുകൾ വാങ്ങുന്നതിനായി ഒരു പ്രോജക്ടിൽ ( പ്രോജക്ട് നംപർ 163/19 ) 2,92,000 രൂപയും ചേർത്ത് ആകെ 11,02,850 രൂപയും പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. 2018-19ൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഇനത്തിലെ ആകെ പിരിവ് 22.52ലക്ഷത്തോളം രൂപയാണ്. അതായത്, വസ്തുനികുതി ഇനത്തിലെ ആകെ പിരിവിന്റെ 49% ൽ കൂടുതൽ തുക സ്ട്രീറ്റ് ലൈറ്റ് സേവന ആവശ്യത്തിനായി പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് സ്ട്രീറ്റ് ലൈറ്റിന്റെ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന്

വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്തുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ സ്ട്രീറ്റ് ലൈറ്റ് സേവനം ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം. 08/14.10.20--മറുപടി ലഭിച്ചില്ല.)

# 1-23 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2018-19 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 5 തിയ്യതി 14.10.2020)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം, പി.എച്ച്.സി, പാഞ്ഞാൾ | വിവരം ലഭ്യമാക്കിയിട്ടില്ല | 2018-19 ഉൾപ്പടെയുള്ളത് |
| ആയുർവ്വേദ വിഭാഗം, ജി.എ.ഡി.പൈങ്കുളം | 2001-2002, 14.03.2002 | 2017-18 മുതൽ 2018-19 ഉൾപ്പടെ 2 എണ്ണം |
| ഹോമിയോ വിഭാഗം, ജി.എച്ച്.ഡി, പാഞ്ഞാൾ | വിവരം ലഭ്യമാക്കിയിട്ടില്ല | 2018-19 ഉൾപ്പടെയുള്ളത് |

മേൽപ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രൊജക്ടുകളുടെ കരാറുകാരനായ

ശ്രീ.അനിൽകുമാർ.കെ.എസ്, ഇലക്ട്രിക്കൽ കോൺട്രാക്ടർ (ലൈസൻസ് നം.C.B.6520) എസ്.ബി.എൻ.ഇലക്ട്രിക്കൽസ്, ഗവൺമെന്റ് ഹോസ്പിറ്റലിനു സമീപം, തോന്നൂർക്കര, ചേലക്കര എന്നിവർക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുള്ളതാണ്.

| ക്രമ നം | പ്രോജക്ട് നം. | അനുവദിച്ച തുക | വൗച്ചർ നം | ഫണ്ട് |
|---|---|---|---|---|
| 1 | 162/2019 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (spil over) | 1,70,650 | 21800256/ 23.05.2018 | ധനകാര്യ കമ്മീഷൻ അവാർഡ് |
| | | 40,550 | 21800431/ 21.06.2018 | |
| 2 | 253/2019 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ | 92,940 | 21801332/ 06.02.2019 | ധനകാര്യ കമ്മീഷൻ അവാർഡ് |
| ആകെ | | 3,04,140 | | |

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194(C) പ്രകാരം 30000/- രൂപയ്ക്കു മുകളിലുള്ള ഓരോ പ്രവൃത്തിയ്ക്ക് വർഷത്തിൽ 1,00,000/- രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടറിൽ നിന്നും 1% നിരക്കിൽ (പാൻ ഇല്ലെങ്കിൽ 20%) ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ആദായനികുതി നിയമ പ്രകാരം ഈടാക്കേണ്ടതായ TDS തുക ഈടാക്കിയിട്ടില്ല. നിയമപ്രകാരമുള്ള ആദായനികുതി ഈടാക്കി ഒടുക്കിയിട്ടില്ലാത്തതിനാൽ, കരാറുകാരൻ ഈ പ്രവൃത്തികളുൾപ്പെടെ പരിഗണിച്ച് ആദായനികുതി ഒടുക്കിയിട്ടുണ്ടെന്ന് ആദായനികുതി വകുപ്പുമായി ബന്ധപ്പെട്ട് ഉറപ്പാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.16/16.10.20)

# 1-25 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പ്രോജക്ടിന്റെ പേരു വിവരം | ഫണ്ടു സംബന്ധിച്ച വിവരം | വൗച്ചർ നം. | തുക (₹) | പരിശോധനയ്ക്ക് ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| 1 | 7/2019 IKM പ്രവർത്തന ഫണ്ട് | വികസന ഫണ്ട് പൊതു വിഭാഗം | 21800567/ 19-07-18 | 81,1193 | IKM-ൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | | സാധാരണ വിഹിതം | | | |
| 2 | 228/2019 സുശാന്തം - വയോജന ക്ഷേമകേന്ദ്ര പ്രവർത്തനം | വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം | 21800433/28.06.18 | 50,000 | ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 3 | 30/2019 വിജ്ഞാൻ സാഗർ - അനുബന്ധ പ്രവർത്തനങ്ങൾ വിഹിതം | വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം | 21800433/ 28.06.18 | 1,00,000 | ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 4 | 154/2019 പാഞ്ഞാൾ വാർഡ്-15 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21801425/06.03.19 | 195652 | KSEB യിൽ നിന്നുള്ള പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| 5 | 150/2019 ആലംപ്പുഴ റോഡ് സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21801426/06.03.19 | 290162 | KSEB യിൽ നിന്നുള്ള പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| 6 | 145/2019 വാഴാലിക്കാവ് മുതൽ ജയൻ സെന്റർ വരെ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21800978/23.11.18 | 25075 | KSEB യിൽ നിന്നുള്ള പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| 7 | 147/2019 മൂച്ചിക്കൽ ബണ്ട് റോഡ് സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21801358/06.03.19 | 59472 | KSEB യിൽ നിന്നുള്ള പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| 8 | 146/2019 മൂരിയിൽപടി കോളനി മുതൽ പ്ലാക്കോട്ടുപടി കോളനി വരെ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | വികസന ഫണ്ട് എസ്.സി.പി. | 21801361/06.03.19 | 88476 | KSEB യിൽ നിന്നുള്ള പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| 9 | 148/2019 കുളമ്പ് മിച്ച ഭൂമി കോളനി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | വികസന ഫണ്ട് എസ്.സി.പി. | 21801360/06.03.19 | 96760 | KSEB യിൽ നിന്നുള്ള പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| 10 | 152/2019 നെല്ലിക്കുന്ന് കോളനി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | വികസന ഫണ്ട് എസ്.സി.പി. | 21801359/06.03.19 | 97468 | KSEB യിൽ നിന്നുള്ള പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| ആകെ | | | | 18,14,258 | |

പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.2/14.10.2020)

# 1-26 ആശ്രയ പ്രോജക്ട്- അർഹരായ ഗുണഭോക്താക്കളുണ്ടായിട്ടും വലിയ തുക അക്കൗണ്ടിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്നു

ഗ്രാമ പഞ്ചായത്തിലെ ആശ്രയ പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളുടെയും, അഗതി രഹിത കേരളം പദ്ധതിയുടെയും പൊതു അവലോകനം താഴെ ചേർക്കുന്നു.

| | ഇനം | ആശ്രയ പദ്ധതി | | അഗതി രഹിത കേരളം |
|---|---|---|---|---|
| | | 1st പ്രോജക്ട് | 2nd പ്രോജക്ട് | |
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | 212 | 186 | 207 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 112 | 86 | 149 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 11 | 8 | ഇല്ല |
| 4 | നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല | ഇല്ല |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 23 | 31 | 34 |
| 6 | നാളിതുവരെ ലഭിച്ചവർ | 21 | 4 | 2 |
| 7 | പദ്ധതി പ്രകാരം വീട് | 21 | 28 | 56 |

| | | | | | |
|---|---|---|---|---|---|
| | റിപ്പയർ ആവശ്യമുള്ളവർ | | | | |
| 8 | നാളിതുവരെ ലഭിച്ചവർ | | 11 | ഇല്ല | ഇല്ല |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | | 30 | 6 | 52 |
| 10 | നാളിതുവരെ ലഭിച്ചവർ | | ഇല്ല | ഇല്ല | ഇല്ല |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | | ഇല്ല | 5 | 44 |
| 12 | നാളിതുവരെ ലഭിച്ചവർ | | ഇല്ല | ഇല്ല | ഇല്ല |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതീകരണം ആവശ്യമുള്ളവർ | | ഇല്ല | ഇല്ല | ഇല്ല |
| 14 | നാളിതുവരെ ലഭിച്ചവർ | | ഇല്ല | ഇല്ല | ഇല്ല |
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ളവർ | കുടുംബങ്ങൾ | 112 | 86 | 149 |
| | | വ്യക്തികൾ | 450 | 210 | 320 |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | പ്ലാൻ ഫണ്ട് | 34,34,050 | 26,00,000 | 5,00,000 |
| | | ചലഞ്ച് ഫണ്ട് | 15,00,000 | 3,33,333 | 4,15,575 |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | പ്ലാൻ ഫണ്ട് | 34,37,500 | 9,87,500 | 2,40,000 |
| | | ചലഞ്ച് ഫണ്ട് | 8,78,846.25 | 8,13,652.14 | 10,26,526 |
| 19 | നീക്കിയിരിപ്പ് | പ്ലാൻ ഫണ്ട് | | 16,09,050 | |
| | | ചലഞ്ച് ഫണ്ട് | | 1,40,834.61 | |
| 20 | നീക്കിയിരിപ്പ് വിശദാംശം- അക്കൗണ്ട് നം, 31906747409 SBIപാഞ്ഞാൾ, 31-03-2019 ലെ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് മുതലായ വിവരങ്ങൾ | | പ്ലാൻ ഫണ്ട് | 16,09,050 | |
| | | | ചലഞ്ച് ഫണ്ട് | 1,40,834.61 | |
| | | | കമ്പ്യൂട്ടർ ഫണ്ട് | 50,173 | |
| | | | ബാങ്ക് പലിശ | 7,84,228 | |
| | | | ആകെ | 25,84,285.61 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 21 | ചെലവ് ശതമാനം | പ്ലാൻ ഫണ്ട് | 100 | 38 | |
| | | ചലഞ്ച് ഫണ്ട് | 58 | 100 | |
| 22 | നിലവിലെ (07.10.20) നീക്കിയിരിപ്പ് വിശദാംശം-അക്കൗണ്ട് നം.31906747409 SBIപാഞ്ഞാൾ | | ₹27,21,168.61 | | |

ആശ്രയ പ്രോജക്ട് (4/2019) നടത്തിപ്പിനായി 2018-19 വർഷം ₹6,00,000 (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം-₹5,00,000 &ബ്ലോക്ക് വിഹിതം ₹1,00,000) കൈമാറിയിട്ടുള്ളതാണ്. 2018-19 വർഷത്തിൽ പദ്ധതി പ്രകാരം 2017-18 വർഷത്തിൽ ആരംഭിച്ച രണ്ട് ഭവന നിർമ്മാണത്തിനായി ഒന്നര ലക്ഷം രൂപ വീതം ആകെ മൂന്ന് ലക്ഷം രൂപയും വീട് പുനരുദ്ധാരണത്തിനായി ₹12,500/-യും ആയി ആകെ ₹3,12,500/-ചെലവഴിച്ചിട്ടുള്ളതാണ്. മേൽ പട്ടികപ്പെടുത്തിയ പ്രകാരം നിലവിൽ ₹27,21,168.61/- പദ്ധതിയ്ക്കായുള്ള അക്കൗണ്ടിൽ നീക്കിയിരുപ്പുള്ളതാണ്. മേൽ വിവരിച്ച പ്രകാരം വിവിധ ആവശ്യങ്ങൾക്കായി നിരവധി ആവശ്യക്കാരുള്ളപ്പോഴാണ് ഇത്തരത്തിൽ വൻതുക വിനിയോഗിക്കാതെ അവശേഷിക്കുന്നത്. ആശ്രയ ഗുണഭോക്താക്കളെപോലുള്ള സമൂഹത്തിലെ ഏറ്റവും താഴെതട്ടിലുള്ളവർക്ക് സ്വാഭാവികമായും ലഭിക്കേണ്ട നീതി ലഭിക്കാതിരിക്കുന്നതിന് ഇത് കാരണമാകുന്നു. ഈ തുക ആശ്രയ/അഗതിരഹിത കേരളം ഗുണഭോക്താക്കൾക്കായി നിയമപരമായി വിനിയോഗിക്കുന്നതിനായുള്ള സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.3/14.10.20)

# 1-27 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ആദ്യ ഗഡു സാമ്പത്തിക സഹായം സ്വീകരിച്ച് രണ്ടു വർഷക്കാലം പിന്നിട്ടിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട്_നം.27/2019 ലൈഫ് ഭവന പദ്ധതി(ജനറൽ)യുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഒന്നാം ഗഡു തുകയായ ₹40,000/- രൂപ മാത്രം വിതരണം നടത്തിയിട്ടുള്ളതും തുടർന്നുള്ള ആനുകൂല്യം നല്കിയിട്ടില്ലാത്തതുമാണ്. ആദ്യ ഗഡു ധനസഹായം സ്വീകരിച്ച് രണ്ടു വർഷക്കാലത്തോളമായിട്ടും അടുത്ത ഗഡു സ്വീകരിച്ചതിന്റെയോ, ഭവനനിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തിയതിന്റെയോ, പൂർത്തീകരിച്ചതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | വിതരണ രജിസ്റ്റർ | ആനുകൂല്യം കൈപ്പറ്റിയതിന്റെ വിവരം | | |
|---|---|---|---|---|---|
| | | | | | |

| | | പേജ് നം. | തുക (₹) | തിയതി | വൗച്ചർ നം |
|---|---|---|---|---|---|
| 1 | നിഷാന്തിനി.ടി.പി.<br>w/o.പങ്കജാക്ഷൻ, പോഴത്തിൽ വീട്. വാർഡ് -XIV | 34 | 40,000 | 12.10.2018 | 21800884/<br>12-10-18 |
| 2 | യശോദ<br>w/o.സുരേന്ദ്രൻ, തെഞ്ചീരി വീട്.<br>വാർഡ് -II | 41 | 40,000 | 12.10.2018 | 21800884/<br>12-10-18 |
| 3 | സരിത<br>w/o.സജീവ്, ഞള്ളനാംകുഴിയിൽ വീട്. വാർഡ് -XV | 51 | 40,000 | 16.11.2018 | 21800850/<br>16-11-18 |

മേൽ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നല്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.29/21.10.2020)

# 1-28 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതി - അപാകതകൾ

പ്രൊജക്റ്റ് നം. 37/18-19, പി.എച്ച്.സി മരുന്ന് സൂക്ഷിക്കുന്ന മുറി ശീതീകരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
അടങ്കൽ തുക – 1,00,000/-, ഫണ്ട് – മെയിന്റനൻസ് നോൺ റോഡ്
വൗച്ചർ നം. 21800918/16.11.2018, തുക – 33,350/-
വൗച്ചർ നം. 21801169/26.12.2018, തുക – 66,650/-
ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട ചെലവുകളിൽ, വോൾട്ടാസ് 1.5TR ഇൻവർട്ടർ A/C, സ്റ്റെബിലൈസർ, സ്റ്റാൻഡ്, ഇൻസ്റ്റലേഷൻ ചാർജ്ജ് എന്നിവയ്ക്കായി ചെലവഴിച്ച 40,750/- രൂപയ്ക്ക് ഹാജരാക്കിയിട്ടുള്ളത് പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ്, ഒറിജിനൽ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 6/14.10.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായെങ്കിലും ഇത് സംബന്ധിച്ച വിവരം പരാമർശിച്ചിട്ടില്ല. ആയതിനാൽ, ഒറിജിനൽ ടാക്സ് ഇൻവോയ്സിന്റെ അഭാവത്തിൽ, ഈയിനത്തിലെ 40,750/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

# 1-29 പ്രത്യേക കന്നുകുട്ടിപരിപാലനം പദ്ധതി-അപാകതകൾ

പ്രൊജക്റ്റ് നം.58/19, പ്രത്യേക കന്നുകുട്ടി പരിപാലനം.
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

തുക – 1,25,000/-, വികസനഫണ്ട്

വൌച്ചർ നമ്പർ – 21801188/04.01.2019 പ്രകാരം 20 ഗുണഭോക്താക്കൾക്കായി 1,25,000/- രൂപ എസ്.എൽ.ബി.പി ഡയറക്ടറുടെ 71301140000034 എന്ന അക്കൌണ്ട് നമ്പറിലേക്ക് കൈമാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) 14.02.18ലെ സ. ഉ(കൈ). നം 22/18/തസ്വഭവ മാർഗ്ഗരേഖ പ്രകാരം (ഖ.6.2.6) മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പാലിക്കുകയും പദ്ധതിയുടെ ഭൌതികനേട്ട റിപ്പോർട്ട് ഓരോ വർഷവും ഗ്രാമപഞ്ചായത്ത് പരിശോധിച്ച് ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്..

2) കാലിത്തീറ്റ വിതരണം 02/2019 മുതൽ ആരംഭിച്ചിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം ഭാസ്കരൻ, കോക്കുള്ളിത്തൊടി 25.10.2019 വരെയും (8 തവണ) അമ്മിണി നാരായണൻ, കരിമ്പാനായിൽ 22.07.2019 വരെയും (6 തവണ) മാത്രമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. ഇവർ പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ ഇവർക്കായി കൈമാറിയ തുക സർക്കാരിലേക്ക് തിരിച്ചടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3) എസ്.എൽ.ബി.പി ഡയറക്ടറിൽ നിന്നും ചെലവഴിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് അന്തിമ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 23/20.10.2020 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

# 1-30 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - അപാകതകൾ

പ്രൊജക്ട് നം.47/18-19, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം.

വൗച്ചർ നം. 21801431/07.03.2019, തുക – 2,55,660/-, ഫണ്ട്- വികസന ഫണ്ട് എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം., എ.എൽ.പി.എസ്, കീഴില്ലം.

1) ഈ പ്രൊജക്ട് പ്രകാരം ലാപ്ടോപ്പ് നൽകിയ ശിവരഞ്ജിനി.എം.എം എന്ന വിദ്യാർത്ഥിനി ലക്ഷ്മീനാരായണ കോളേജ്, പാലപ്പുറം എന്ന പാരലൽ കോളേജിലാണ് ബിരുദത്തിന് പഠിക്കുന്നത്. എന്നാൽ സ.ഉ(കൈ) നം.22/2018/തസ്വഭവ, തീ.14.02.2018, ഖ.7.2.9 ൽ പറയുന്ന പ്രകാരം യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2) ദൃശ്യ എന്ന വിദ്യാർത്ഥിനിയുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ആയതിനാൽ പ്രസ്തുത രേഖകൾ ലഭ്യമാക്കി വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 19/19.10.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

# 1-31 അസറ്റ് മാനേജ്മെന്റ് മാന്വൽ --- വ്യവസ്ഥകൾ നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2018-19 വർഷത്തിൽ ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത്

സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 7/14.10.20 ) മറുപടി ലഭിച്ചില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

ഗ്രാമപഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് മാന്വൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പാലിച്ചുകൊണ്ടല്ല സാമ്പത്തിക വർഷത്തിൽ അതിന്റെ ആസ്തികൾ നിർമ്മിക്കുകയോ, സംരക്ഷിക്കുകയോ, പുനരുദ്ധരിക്കുകയോ ചെയ്തിട്ടുള്ളതെന്നാണ് കാണുന്നത്. അതിനാൽ അസറ്റ് മാനേജ്മെന്റ് മാന്വൽ വ്യവസ്ഥകൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

# 1-32 നടപ്പാകാത്ത പ്രോജക്ടുകൾ --- 2012 ലെ പി. ഡബ്ള്യു. ഡി മാന്വൽ വ്യവസ്ഥകൾ പാലിച്ചില്ല-- അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

2017-18 ൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ട്, 2018-19 ൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ താഴെ ചേർക്കുന്ന പ്രോജക്ടുകൾ സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന (എൻക്വയറി നംപർ 09/14.10.20) ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. ഈ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ലാത്തതാണ്. വിശദവിവരം പട്ടികയിൽ ചേർക്കുന്നു.

| ക്രമ നംപർ | കരാർ നംപർ, തീയതി | പ്രവൃത്തിയുടെ പേര്, കരാർ തുക | പ്രോജക്ട് നംപർ | കരാറുകാരൻ |
|---|---|---|---|---|
| 1 | 49/17.01.18 | കാക്കപ്പാറ റോഡ് റീ ടാറിങ്ങ്<br>999000 രൂപ | 121/18, 172/19 | ശ്രീ. വിൽസൺ. എൻ. എസ്,<br>നെടുമറ്റത്തിൽ ഹൗസ്, കിള്ളിമംഗലം |
| 2 | 75/01.03.18 | കനാൽ ബണ്ട് അക്വഡക്ട് റോഡ് റീ ടാറിങ്ങ്<br>244000 രൂപ | 215/18, 218/19 | ശ്രീ.ശങ്കുണ്ണി. യു,<br>ഉണ്ടിക്കൽ ഹൗസ്, പാഞ്ഞാൾ |
| 3 | 77/01.03.18 | പൈങ്കുളം സ്കൂൾ | 148/18, | ശ്രീ.ശങ്കുണ്ണി. യു, |

| | | | | |
|---|---|---|---|---|
| | | ലക്ഷംവീട് കോളനിറോഡ് റീ ടാറിങ്ങ് 150000 രൂപ | 182/19 | ഉണ്ടിക്കൽ ഹൗസ്, പാഞ്ഞാൾ |
| 4 | 79/01.03.18 | ഓട്ടുപാറകുന്ന് റോഡ് ടാറിങ്ങ്, റീ ടാറിങ്ങ് 249750രൂപ | 165/18, 189/19 | ശ്രീ.ശങ്കുണ്ണി. യു, ഉണ്ടിക്കൽ ഹൗസ്, പാഞ്ഞാൾ |
| 5 | 81/01.03.18 | എഴക്കുട്ടമന റോഡ് റീ ടാറിങ്ങ് 285000 രൂപ | 150/18, 184/19 | ശ്രീ.ശങ്കുണ്ണി. യു, ഉണ്ടിക്കൽ ഹൗസ്, പാഞ്ഞാൾ |
| 6 | 83/01.03.18 | വായനശാല പാറക്കടവ് റോഡ് റീ ടാറിങ്ങ് 315000 രൂപ | 149/18, 183/19 | ശ്രീ.ശങ്കുണ്ണി. യു, ഉണ്ടിക്കൽ ഹൗസ്, പാഞ്ഞാൾ |
| 7 | 85/01.03.18 | ആലിൻകുന്ന് റോഡ് റീ ടാറിങ്ങ് 150000 രൂപ | 147/18, 181/19 | ശ്രീ.ശങ്കുണ്ണി. യു, ഉണ്ടിക്കൽ ഹൗസ്, പാഞ്ഞാൾ |
| 8 | 10/22.11.17 | തലച്ചിറകുളമ്പ് റോഡ് റീ ടാറിങ്ങ് 199800 രൂപ | 167/18, 191/19 | ശ്രീ.എ.എ. മുഹമ്മദ്, ആലുക്കൽ പീടികയിൽ ഹൗസ്, കിള്ളിമംഗലം. |
| 9 | 62/14.02.18 | നായ്ക്കൻകടവ് ചീർപ്പ് മെയിന്റനൻസ് 178000 രൂപ | 194/18, 206/19 | ശ്രീ.എ.എ. മുഹമ്മദ്, ആലുക്കൽ പീടികയിൽ ഹൗസ്, കിള്ളിമംഗലം. |

2012 ലെ പി. ഡബ്ള്യു. ഡി മാന്വൽ സെക്ഷൻ 2102.1 പ്രകാരം കരാറിൽ ഏർപ്പെട്ട് 10 ദിവസത്തിനകം കരാറുകാരൻ സൈറ്റ് ഏറ്റെടുക്കേണ്ടതും പ്രവൃത്തി ആരംഭിക്കേണ്ടതും ആണ്. കരാറുകാരൻ ഹാജരാകാത്ത പക്ഷം, കരാറുകാരന് സൈറ്റ് കൈമാറുന്നതിനായി എഞ്ചിനീയർ രജിസ്റ്റേഡ് പോസ്റ്റായി സൈറ്റ് കൈമാറാനുള്ള ഫോറം അയച്ച് കൊടുത്താൽ മതിയാകുന്നതും ആയത് പോസ്റ്റ്

ചെയ്ത തീയതിക്ക് കരാറുകാരൻ സൈറ്റ് ഏറ്റെടുത്തതായി കണക്കാക്കുന്നതുമാണ്. ആവശ്യപ്പെട്ട ഫയലുകൾ ലഭിക്കാത്ത സാഹചര്യത്തിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഉറപ്പാക്കാൻ സാധിച്ചില്ല.

2018-19 സാമ്പത്തിക വർഷത്തിൽ വികസന സ്റ്റാന്റിങ്ങ് കമ്മറ്റി മിനുട്സിലോ, ഭരണസമിതി മിനുട്സിലോ ഈ പ്രവൃത്തികൾ ഉപേക്ഷിച്ചതായി രേഖപ്പെടുത്തലില്ലാത്തതാണ്. 2012 ലെ പി. ഡബ്ള്യു. ഡി മാന്വൽ സെക്ഷൻ 2116.1 പ്രകാരം കരാർ അവസാനിപ്പിച്ച്, ചെയ്തു തീർക്കാനുള്ള പ്രവൃത്തിയുടെ 30% - ത്തിന് തുല്യമായ തുക കരാറുകാരനിൽ നിന്ന് ഇ. എം. ഡി/സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയവയിൽ നിന്നും ഈടാക്കണമെന്ന സെക്ഷൻ 2116.2.1 പ്രകാരമുള്ള നിയമവ്യവസ്ഥയും പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# 1-33 ആസ്തി രജിസ്റ്ററിൽ ചേർക്കാത്ത റോഡുകളിൽ നിർമ്മാണ പ്രവൃത്തി

2018-19 ൽ പൂർത്തീകരിച്ച താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട ആസ്തി, ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല. ആസ്തിയുടെ യുണീക്ക് നംപർ പ്രോജക്ട് രൂപീകരണ ഫോറം 2 ലും ചേർത്തിട്ടില്ല. വിശദവിവരം പട്ടികയിൽ ചേർക്കുന്നു.

| ക്രമ നംപർ | പ്രോജക്ട്, നംപർ | സാങ്കേതികാനുമതി, തുക | പ്രവൃത്തിയുടെ മൂല്യം, വൌച്ചർ നംപർ | ഫണ്ട് |
|---|---|---|---|---|
| 1 | 83/19, തൊഴുപ്പാടം സെന്റർ കിഴക്കേബണ്ട് റോഡ് ടാറിങ്ങ് | 72081/2018-19, LSGD/TS/2018-19 /105724 Dtd.16.07.18, 470000 രൂപ | 467782 രൂപ 21801446/07.03.19 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 2 | 84/19, മൂരിയിൽപടി തെക്കേബണ്ട് റോഡ് | 65229/2018-19, LSGD/TS/2018-19/58808 Dtd. 06.07.18, 300000 രൂപ | 298755 രൂപ 21801199/18.01.19 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 169 -ാം വകുപ്പനുസരിച്ച് പഞ്ചായത്തിന്റെ പ്രദേശത്തിനുള്ളിലെ എല്ലാ പൊതുവഴികളും പഞ്ചായത്തിൽ നിക്ഷിപ്തമായതായാണ് കണക്കാക്കുന്നത്. അതുകൊണ്ടുതന്നെ അപാകതയുടെ കാരണം വ്യക്തമാക്കേണ്ടതാണ്. അതിനാൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട 7,66,537 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 27/20.10.20--മറുപടി ലഭിച്ചില്ല.)

# 1-34 ഡെപ്പോസിറ്റ് പ്രവൃത്തികൾ -- തുടർ വിവരം ലഭ്യമാക്കേണ്ടതാണ്

1) (എ) താഴെ ചേർക്കുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്ത് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതാണ്. ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗം കഴിഞ്ഞ് ബാക്കി തുക തിരികെ ലഭിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്. ഇല്ലെങ്കിൽ ബാക്കി തുക തിരികെ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

| ക്രമ നംപർ | പ്രോജക്ട്, നംപർ | വൗച്ചർ നംപർ, തീയതി | തുക, ഫണ്ട് | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|---|
| 1 | 127/19 കുറുപ്പം തൊടി സാംസ്കാരികനിലയം കുടിവെള്ള പദ്ധതി | 21801458/ 16.03.19 | 72200, SCP | 67550 | 4650 |
| 2 | 243/19 മേലെ അത്തിക്കപറമ്പ് ഭാഗത്ത് കുടിവെള്ള സൌകര്യം ലഭ്യമാക്കൽ | 21801459/ 16.03.19 | 72200, CFC Grant | 66800 | 5400 |

(ബി) കുറുപ്പം തൊടി സാംസ്കാരികനിലയം കുടിവെള്ള പദ്ധതിയ്ക്കായി എസ്. സി. പി ഫണ്ടാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ പദ്ധതിയ്ക്കായി പട്ടികജാതി വികസന ഓഫീസർ നൽകുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2) മൂരിയിൽപ്പടി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്ടെൻഷൻ ( പ്രോജക്ട് നംപർ 85/19 ) പ്രോജക്ടിന്റെ ഭാഗമായി വൌച്ചർ നംപർ 21801349/26.02.19 പ്രകാരം 1,00,000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി എസ്. സി. പി ഫണ്ടാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ പദ്ധതിയ്ക്കായി പട്ടികജാതി വികസന ഓഫീസർ നൽകുന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/15.10.20--മറുപടി ലഭിച്ചില്ല.)

# 1-35 മരാമത്ത് പണികൾ--പൊതു അപാകതകൾ- സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി

## ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA,SOR,NBC guidelines,MORTH specification എന്നിവ സ്വീകരിച്ച് ഉത്തരവായി.07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD,MORTH,MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം.375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു.തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം.498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം.30/16/ധന-ഉത്തരവ് പ്രകാരം,ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ MORD ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ്വെയറിൽ

തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 10/15.10.20--മറുപടി ലഭിച്ചില്ല.)

# 1-36 മരാമത്ത് പണികൾ--പിഡബ്ള്യുഡി മാന്വൽ വ്യവസ്ഥകൾ-പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ച വരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ- ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA,SOR,NBC guidelines, MORTH specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ- ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD,MORTH,MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവർത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പല അവസരങ്ങളിലും പാലിക്കപെടുന്നില്ല.

3) ടാറിംഗ് ഇനം ഉൾപ്പെടുന്ന പ്രവർത്തികളിൽ കരാറുകാരൻ ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതുണ്ട്. ഇപ്രകാരം ഹാജരാക്കുന്ന ബിൽ പ്രകാരമുള്ള ബിറ്റുമിൻ ഒന്നിൽ കൂടുതൽ പ്രവൃത്തികളിൽ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ ആയത് എഞ്ചിനീയർ ഒറിജിനലിൽ സാക്ഷ്യപ്പെടുത്തേണ്ടതായുണ്ട്. എന്നാൽ അപൂർവ്വം ചിലതിലൊഴിച്ച് ബാക്കി പ്രവൃത്തികളിലൊക്കെയും

ബില്ലിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്(അതിൽ തന്നെ കൃത്യമായ സാക്ഷ്യപ്പെടുത്തലും ഇല്ല). ആയതിനാൽ, ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷത്തിൽ ടാറിംഗ് ഇനം ഉൾപ്പെടുന്ന പ്രവർത്തികളിൽ കരാറുകാരന് തുക അനുവദിച്ച എല്ലാ സന്ദർഭങ്ങളിലും ഉൾപ്പെട്ടിട്ടുള്ള ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതായുണ്ട്.

4) റോഡ് നിർമ്മാണ പ്രവൃത്തികളിൽ Irish drain നിർമ്മാണം പരമാവധി നിരുത്സാഹപ്പെടുത്തണമെന്നും prefabricated concrete paver നിർമ്മാണം പ്രോത്സാഹിപ്പിയ്ക്കണം എന്ന PWD സർക്കുലർ നിർദ്ദേശം (circular no.23631/G2/2013/PWD Dated.01.11.13) പലപ്പോഴും പാലിക്കപെട്ടിട്ടില്ല.

പിഡബ്ല്യുഡി മാന്വൽ വ്യവസ്ഥകളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 10/15.10.20--മറുപടി ലഭിച്ചില്ല.)

# 1-37 പാറപ്പുറം മസ്ജിദ് റോഡ് ടാറിങ്ങ്, വാർഡ് 12 ------- ആസ്തി സംരക്ഷണത്തിന് ആവശ്യമായ ജാഗ്രത പുലർത്തേണ്ടത് അനിവാര്യം.

| | |
|---|---|
| പ്രൊജക്ട് നംപർ | 202/19 |
| പ്രൊജക്ട് | പാറപ്പുറം മസ്ജിദ് റോഡ് ടാറിങ്ങ്, വാർഡ് 12 |
| സാങ്കേതികാനുമതി | 16979/2017-18(DSOR 2016 -Cost Index 40.2%) |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/89218 Dated.17.07.17 |
| സാങ്കേതികാനുമതി തുക | 240000 രൂപ |
| കരാറുകാരൻ | ശ്രീ. എ. കെ. സെയ്തലവി |
| കരാർ നിരക്ക് | എസ്റ്റിമേറ്റിനേക്കാൾ 0.1% കുറവ് |
| കരാർ ഉടമ്പടി | 22/17-18/AE/LSGD/PJL Dated. 22.11.17 |
| എം.ബുക്ക് | 297/2017-18 |
| വൗച്ചർ നംപർ, തുക | 21800302/31.05.2018 = 239717 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡ്) |

2017-18ൽ 186/18 നംപരായി വിഭാവനം ചെയ്ത മേൽ വിവരിച്ച പ്രവൃത്തി സ്പിൽഓവറായി പൂർത്തീകരിച്ചു. പ്രവൃത്തിയുടെ കരാറുകാരൻ തീയതി രേഖപ്പെടുത്താതെ എഞ്ചിനീയർക്ക് നൽകിയ കത്തിൽ, ടി- പണി പൂർത്തീകരിച്ച് ഒരുമാസത്തിനു ശേഷം വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതിയുടെ പണിയ്ക്ക് ഹിറ്റാച്ചി

ഉപയോഗിച്ച് ചാല് കീറിയ കാരണം റോഡിന്റെ പാർശ്വഭാഗങ്ങൾ കേടായിരിക്കുന്ന എന്ന വിവരം അറിയിക്കുകയുണ്ടായി. പ്രസ്തുത വിവരം 14.06.18 ലെ നംപർ. AE/General/2018 കത്തിലൂടെ എഞ്ചിനീയർ പഞ്ചായത്തിനെ അറിയിക്കുകയും, ജൂൺ ആദ്യവാരത്തിൽ ടി- റോഡിലൂടെ യന്ത്രസഹായത്താൽ KWA കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ഇടുന്നതിന് ട്രഞ്ച് എടുത്തതിനാൽ റോഡിന് സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് KWA യോട് ആവശ്യപ്പെടുന്നതിനുള്ള മേൽ നടപടി സ്വീകരിക്കാനും അപേക്ഷിച്ചു. തുടർ വിവരം ഫയലിൽ ഇല്ല. ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങളിൽ വ്യക്തത വരുത്താൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും ( എൻക്വയറി നം. 17/19.10.20 ) മറുപടി ലഭിച്ചില്ല.

1) പഞ്ചായത്തിന്റെ ആസ്തിയിൽ തങ്ങളുടെ പ്രവൃത്തി നടത്തുന്നതിന് KWA അനുവാദം വാങ്ങിയിരുന്നോ? വാങ്ങിയിട്ടുണ്ടെങ്കിൽ road restoration charges പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോ? വാങ്ങിയിട്ടില്ലെങ്കിൽ KWA യ്ക്കെതിരെ സ്വീകരിച്ച നടപടി.

2) ഈ വിഷയം ഭരണ സമിതിയുടെ പരിഗണനയ്ക്ക് വന്നിരുന്നോ? ഉണ്ടെങ്കിൽ തീരുമാനം, ഇല്ലെങ്കിൽ കാരണം.

3) റോഡ് പൂർവ്വ സ്ഥിതിയിലാക്കാൻ പഞ്ചായത്ത് ചെലവഴിച്ച തുക എത്ര രൂപയാണ്. മറിച്ച് KWA നേരിട്ട് പൂർവ്വ സ്ഥിതിയിലാക്കിയതാണോ? ആണെങ്കിൽ അനുമതി നൽകിയ പഞ്ചായത്ത് തീരുമാനം, പ്രസ്തുത പ്രവൃത്തിയുടെ ഗുണനിലവാരം എങ്ങിനെയാണ് പഞ്ചായത്ത് ഉറപ്പാക്കിയത്?

പഞ്ചായത്തിന്റെ ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട് മേൽ വിവരിച്ച കാര്യങ്ങൾക്ക് ( അപാകതകൾക്ക് ) മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ ജാഗ്രത പുലർത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയും, അത്തരം സന്ദർഭങ്ങളിൽ ഉദ്യോഗസ്ഥതലത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിയും പഞ്ചായത്ത് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

# 1-38 മദ്രസ്സ റോഡ് ടാറിങ്ങ്, വാർഡ് 4 –-- വർക്ക് ഓർഡർ അനുസരിച്ചുള്ള ടെണ്ടർ കിഴിവ് വരുത്തിയില്ല.

| | |
|---|---|
| പ്രൊജക്ട് നംപർ | 173/19 |
| പ്രൊജക്ട് | മദ്രസ്സ റോഡ് ടാറിങ്ങ്, വാർഡ് 4 |
| സാങ്കേതികാനുമതി | 11198/2017-18(DSOR 2016 -Cost Index 40.2%) |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/78242 Dated.13.07.17 |
| സാങ്കേതികാനുമതി തുക | 300000 രൂപ |
| കരാറുകാരൻ | ശ്രീ. അബ്ദുൾ റസാക്ക് |
| കരാർ നിരക്ക് | എസ്റ്റിമേറ്റിനേക്കാൾ 5% കുറവ് |
| കരാർ ഉടമ്പടി | 63/17-18/AE/LSGD/PJL Dated. 21.02.18 |
| | |

| | |
|---|---|
| എം.ബുക്ക് | 287/2017-18 |
| വൗച്ചർ നംപർ, തുക | 21800767/30.05.2018 = 299640 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡ്) |

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുള്ളത് എസ്റ്റിമേറ്റിനേക്കാൾ 5% കുറവ് നിരക്കിലാണ്. എന്നാൽ ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളത് താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം = 300000

ടെണ്ടർ കിഴിവ് (0.12%) = 360

ബാക്കി = 299640

കുറയ്ക്കുക

ആദായനികുതി = 3000

ക്ഷേമനിധി വിഹിതം = 3000

കരാറുകാരന് നൽകിയത് = 293640

ടെണ്ടർ കിഴിവ് 15000 രൂപ വരുത്തേണ്ടതിന് പകരം 360 രൂപ മാത്രമാണ് വരുത്തിയിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/15.10.20) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് അധികം നൽകിയ 14,640 രൂപ (15000 – 360 = 14640) ബിൽ പാസ്സാക്കി നൽകിയ എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 1-39 ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത് - ക്രമവിരുദ്ധം.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA,SOR, NBC guidelines, MORTH specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ- ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

10.09.2015-ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പിഡബ്ള്യൂഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ള്യൂഡി മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014ലെ സർക്കുലർ നം.10434/C3/2014/PWD അനുസരിച്ചും 15ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലിൽ രേഖയില്ല. ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയതിന് ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് വിവരം | സാങ്കേതികാനുമതി നംപർ,തുക | കരാറുകാരൻ | ബിൽ വിവരം | ഫണ്ട് |
|---|---|---|---|---|---|
| 1 | 63/19<br>പാഞ്ഞാൾ പഞ്ചായത്ത് വെട്ടിക്കാട്ടിരി റോഡ് റിനോവേഷൻ | 89826/2018-19<br>Order no. LSGD/TS/2018-19/ 43839 Dtd.<br>30.09.18<br>25,00,000 രൂപ | ശ്രീ. എ. കെ. സെയ്തലവി | വൗച്ചർ നംപർ<br>21801456/28.02.19<br>= 1049477 രൂപ<br>വൗച്ചർ നംപർ<br>21801457/ 12.03.19<br>= 1443404 രൂപ | മെയിന്റനൻസ് ഗ്രാന്റ് |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് ആവശ്യമായ നിർദ്ദേശം നൽകി ഉത്തരവാകേണ്ടതും, തുടർന്നും അപാകത ആവർത്തിക്കുന്ന പക്ഷം അത്തരം ചെലവുകൾക്ക് അനുവാദം നിഷേധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 25/20.10.20--മറുപടി ലഭിച്ചില്ല.)

# 1-40 മണലാടി വെട്ടിക്കാട്ടിരി റോഡ് റീ ടാറിങ്ങ് -- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 222/19 |
| പ്രൊജക്ട് | മണലാടി വെട്ടിക്കാട്ടിരി റോഡ് റീ ടാറിങ്ങ് |
| സാങ്കേതികാനുമതി | 73662/2017-18(DSOR 2016 -Cost Index 40.2%) |
| സാങ്കേതികാനുമതി ഉത്തരവ് | ലഭ്യമല്ല |
| സാങ്കേതികാനുമതി തുക | 2500000 രൂപ |
| കരാറുകാരൻ | ശ്രീ. എ. കെ. സെയ്തലവി |
| കരാർ നിരക്ക് | 2223458.83 ( Item rate BOQ) |
| കരാർ ഉടമ്പടി | 78/17-18/AE/LSGD/PJL Dated.28.02.18 |
| | |

| | | |
|---|---|---|
| എം.ബുക്ക് | 306/2017-18, 51/2016-17 | |
| വൗച്ചർ നമ്പർ, തുക | 21800237/09.05.2018 = 772853<br>21800720/18.08.18 = 223459<br>21800721/18.08.18 = 1227147 | മെയിന്റനൻസ് ഫണ്ട് (റോഡ്)<br>സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>മെയിന്റനൻസ് ഫണ്ട് (റോഡ്) |

ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി നടപ്പാക്കിയ മണലാടി വെട്ടിക്കാട്ടിരി റോഡ് റീ ടാറിങ്ങ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട വിശദാംശങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2018-19 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടിന്റെ പേര് "മണലാടി വെട്ടിക്കാട്ടിരി റോഡ് റീ ടാറിങ്ങ് " എന്നാണെങ്കിലും, ഫയലിൽ ഉള്ള എസ്റ്റിമേറ്റ് റിപ്പോർട്ടും, എസ്റ്റിമേറ്റും "മെയിന്റനൻസ് ടു മണലാടി വെട്ടിക്കാട്ടിരി റോഡ് ഇൻ വാർഡ് 12 & 14"എന്നാണ്. പ്രോജക്ട് രൂപീകരണ ഫോറം 2 ൽ വികസന സ്റ്റാന്റിംങ്ങ് കമ്മറ്റി ശുപാർശ തീരുമാനമായി ചേർത്തിട്ടുള്ളത് 1/13.10.17 തീരുമാനവും, അടങ്കൽ 2223459 രൂപയും ആണ്. ഭരണാനുമതി നമ്പരായി ചേർത്തിട്ടുള്ളത് 3(2)/18/12.02.18 തീരുമാനവും, അടങ്കൽ 2223459 രൂപയും ആണ്. എന്നാൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി മിനട്സിലോ, ഭരണസമിതി തീരുമാനം രേഖപ്പെടുത്തിയ സകർമ്മയിലോ ഇപ്രകാരം അനുമതി നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. (വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 1/13.10.17 തീരുമാനത്തിൽ മണലാടി വെട്ടിക്കാട്ടിരി റോഡ് റീ ടാറിങ്ങ് 500000 രൂപ വികസനഫണ്ട് സാധാരണവിഹിതം മാറ്റി ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തുന്നതിന് തീരുമാനിച്ചു എന്നാണ് ചേർത്തിട്ടുള്ളത്). അതായത് നടപ്പാക്കപ്പെട്ട പ്രോജക്ടിന്റെ ഭരണാനുമതി, എസ്റ്റിമേറ്റ് എന്നിവയുടെ സാധുത വ്യക്തമല്ല.

2) പ്രോജക്ട് രൂപീകരണ ഫോറം 2 ൽ അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥന്റെ അംഗീകാരപത്രം ലഭിച്ചിരിക്കുന്നത് 22.02.18 നാണ് ( നംപർ 556-B/PA/AEE/LSGD/PZR/2017-18 തീയതി. 22.02.18). എന്നാൽ പ്രവൃത്തിയ്ക്ക് ഷീജോമോൻ മാത്യു, എ. കെ. സെയ്തലവി എന്നീ കരാറുകാർ 16.01.18 ന് തന്നെ ഇ-ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. അതായത് പ്രോജക്ടിന് അംഗീകാരം ലഭിക്കുന്നതിന് മുൻപേതന്നെ ടെണ്ടർ ക്ഷണിച്ചു.

3) 13.08.18 ലെ വികസന സ്റ്റാന്റിംങ്ങ് കമ്മറ്റി തീരുമാനം (1) പ്രകാരം മണലാടി വെട്ടിക്കാട്ടിരി റോഡ് പണി പൂർത്തീകരിച്ച ശേഷം എസ്റ്റിമേറ്റ് എടുക്കുകയും ടെണ്ടർ നടത്തുകയും ചെയ്തതിന്റെ സാധൂകരണം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ 31.08.18 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം 6(3) പ്രകാരം നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്നാണ് വിലയിരുത്തിയത്. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ വികസന സ്റ്റാന്റിംങ്ങ് കമ്മറ്റി തീരുമാനം തള്ളിക്കളയാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തതിന്റെ സാധുത വ്യക്തമാക്കേണ്ടതാണ്.

4) എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ചെയിനേജ് 0/640 വരെയുള്ള പ്രവൃത്തി ജില്ലാ പഞ്ചായത്ത് പ്രോജക്ട് ആണ്. ജില്ലാ പഞ്ചായത്ത് പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത് 01.10.17 ന് ശേഷമാണ് (Order No. LSGD/TS/2017-18/124262 Dtd. 07.10.17). അതുകൊണ്ടുതന്നെ എസ്റ്റിമേറ്റിൽ കോസ്റ്റ്

ഇൻഡക്സ് ആയി ചേർത്തത് 37.25% ആണ്. എന്നാൽ ഈ പ്രവൃത്തിയിൽ ചേർത്തിട്ടുള്ളത് 40.2% ആണ്. ഇത് കാരണം ഗ്രാമ പഞ്ചായത്തിന്റെ എസ്റ്റിമേറ്റിൽ കോസ്റ്റ് ഇൻഡക്സ് 2.95% ഉയർന്നു നിൽക്കുന്നു. അത് കാരണം എസ്റ്റിമേറ്റ് തുകയും ഉയർന്ന് നിൽക്കുന്നു.

5) ടെണ്ടർ ലഭിച്ചത് ശ്രീ. എ. കെ. സെയ്തലവിയ്ക്കാണ് (ജില്ലാ പഞ്ചായത്ത് ടെണ്ടർ ലഭിച്ചതും ഇതേ കരാറുകാരനാണ്). എന്നാൽ പവർ ഓഫ് അറ്റോർണി പ്രകാരം പ്രവൃത്തി നിർവ്വഹിച്ചത് ശ്രീ. യു, ശങ്കുണ്ണിയാണ്. ഇദ്ദേഹവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടത് 28.02.18 ന് ആണ് ( 500 രൂപയുടെ മുദ്രപത്രം മാത്രമാണ് കരാർ ഉടമ്പടിക്കായി ഉപയോഗിച്ചിട്ടുള്ളത്). എന്നാൽ പവർ ഓഫ് അറ്റോർണി നൽകിയിട്ടുള്ളത് 01.03.18 ന് ആണ്. അതായത് നിയമപരമായി നിലനിൽക്കാത്ത കരാർ പ്രകാരമാണ് പ്രവൃത്തി നിർവ്വഹണം.

6) 10.09.2015-ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ള്യൂഡി-ഉത്തരവ് പ്രകാരം പിഡബ്ള്യൂഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ള്യൂഡി മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014ലെ സർക്കുലർ നം.10434/C3/2014/PWD അനുസരിച്ചും 15ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലിൽ രേഖയില്ല. ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെയാണ് കരാറുകാരന് ബിൽ തുക അനുവദിച്ചു നൽകിയത്.

7) കരാറുകാരൻ ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകതകൾ കാരണം ഈ പ്രോജക്ടിനായി ചെലവഴിച്ച 22,23,459 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 26/20.10.20--മറുപടി ലഭിച്ചില്ല.)

# 1-41 തെരുവ് വിളക്കുകളുടെ പരിപാലനം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ചുള്ള മാർഗ്ഗരേഖ 15.09.2011ലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ സർക്കുലർ നം. 3055/ഡിഎ3/2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിൽ ഗ്രാമ പഞ്ചായത്ത്, കെ.എസ്.ഇ.ബി., തെരുവുവിളക്കുകളുടെ പരിപാലനത്തിന്റെ കരാറുകാരൻ എന്നിവരുടെ ചുമതലകൾ സംബന്ധിച്ച് സുവ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത സർക്കുലറിലെ നിബന്ധനകൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും വേണ്ടത്ര ജാഗ്രത ഉണ്ടായിട്ടില്ല എന്നതാണ് ബന്ധപ്പെട്ട പ്രോജക്ട് രേഖകളും വിവരങ്ങളും വ്യക്തമാക്കുന്നത്.

I). തെരുവു വിളക്ക് പരിപാലനം-കെ.എസ്.ഇ.ബിയുടെ അനുമതിയില്ലാതെ പ്രവൃത്തികൾ നടപ്പാക്കുന്നു

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ പുതിയതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് താഴെ പറയുവിധം പ്രോജക്ടുകൾ ഏറ്റെടുത്തുനടപ്പിലാക്കിയിട്ടുള്ളതാണ്.

| ക്രമ | പ്രോജക്ട് സംബന്ധിച്ച വിവരം | ചെലവഴിച്ച തുക (₹) | സ്ഥാപിച്ച തെരുവു | എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം | | | വിളക്കുകളുടെ വിവരം | |
| 1 | 160/2019 അയ്യപ്പൻ കാവ് സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം) | 30620 | 22W CFL Street Light | 1 No |
| | | | 20x40w Tube Set | 15 Nos |
| | | 9800 | LED Flood Light 120 W | 1 No |
| 2 | 164/2019 ഉദുവടി ഭാഗത്ത് സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ<br>(കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 42490 | LED Flood Light 100 W | 4 Nos |
| | | | LED Flood Light 150 W | 1 No |
| | | 238800 | 36W CFL Street Light Luminary auto | 15 Nos |
| | | | 36W CFL Street Light Luminary manual | 85Nos |
| 3 | 165/2019 പാഞ്ഞാൾ കാട്ടിൽ കടവ് മുതൽ പാറപ്പുറം വരെ സ്ട്രീറ്റ് മെയിൻ വലിച്ച് ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ<br>(കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 16720 | 22W CFL Street Light manual | 11Nos |
| 4 | 151/2019 കാട്ടിൽ കടവ് മിനിമാസ്റ്റ് (കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 128500 | 4x150W LED Mini Mast | 1 No. |
| 5 | 230/2019 ഉദുവടി മിനിമാസ്റ്റ് (കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) | 128500 | 4x150W LED Mini Mast | 1 No. |

മേൽ പട്ടികപ്പെടുത്തിയ പ്രോജക്ടുകളിൽ ഒന്നും തന്നെ വൈദ്യുതലൈനിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള കെ.എസ്.ഇ.ബി.യുടെ അനുമതി സംബന്ധിച്ച രേഖകൾ, പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച കെ.എസ്.ഇ.ബി.യുടെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. കെ.എസ്.ഇ.ബി.യുടെ അനുമതിയില്ലാതെ വൈദ്യുതലൈനിൽ തെരുവിളക്ക് സ്ഥാപിക്കുന്നത് മേൽ പരാമർശിച്ച സർക്കുലർ നം. 3055/ ഡിഎ3/2011 ലെ ഖണ്ഡിക:എച്ച്. ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

II) .തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

1. തെരുവ് വിളക്കിന്റെ ഇനം തിരിച്ചുള്ള സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മൊത്തം വാങ്ങലുകൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിലാണ് തെരുവ് വിളക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. ഓരോ ഇനത്തിന്റെയും മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിക്കുന്നില്ല.
2. ഓരോ വാർഡിലും നിലവിലുള്ള പോസ്റ്റുകൾ, അവയുടെ നമ്പർ, അവയിലെ തെരുവ് വിളക്കിന്റെ ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. താഴെ പറയുന്ന രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ പരിപാലിക്കുന്നില്ല.
3. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച പരാതി രജിസ്റ്റർ
4. തെരുവുവിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ
5. അൺ സർവ്വീസബിൾ ഐറ്റംസിന്റെ സ്റ്റോക്ക് രജിസ്റ്റർ
6. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച പ്രോജക്ടുകളിൽ ഒന്നും തന്നെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ഇല്ലാത്തതാണ്.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ 16/16.10.2020 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. ഈ അപാകതകൾ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം.3-8ലും പരാമർശിച്ചിരുന്നതാണ്. മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാവേണ്ടതാണ്.

# 1-42 വ്യവസ്ഥകൾ പാലിക്കാതെ കരാറുകാരൻ തയ്യാറാക്കി നല്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് കരാർ തുക നല്കി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 253/2019 ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ (ധനകാര്യ കമ്മീഷൻ അവാർഡ്) എന്ന പ്രോജക്ടിൽ 09-11-2018ലെ 4/2018-19 നമ്പർ ടെണ്ടർ പരസ്യപ്രകാരം ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ (3 എണ്ണം) ₹1,00,000/- മതിപ്പ് ചെലവ് രേഖപ്പെടുത്തി ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും, ആയതുപ്രകാരം ടെണ്ടർ സമർപ്പിച്ച ശ്രീ.അനിൽ കുമാർ.കെ.എസ്. ഇലക്ട്രിക്കൽ കോൺട്രാക്ടർ (ലൈസൻസ് നം.C.B.6520) എസ്.ബി.എൻ. ഇലക്ട്രിക്കൽസ്, ഗവൺമെന്റ് ഹോസ്പിറ്റലിനു സമീപം, തോണൂർക്കര, ചേലക്കര എന്നവർ 7% Below എസ്റ്റിമേറ്റ് റേറ്റിന് ക്വാട്ട് ചെയ്തത് അംഗീകരിച്ച് 10.12.18ലെ 1/2 നമ്പർ ഭരണ സമിതി തീരുമാനപ്രകാരം ടെണ്ടർ അനുവദിച്ച നല്കിയിട്ടുള്ളതുമാണ്. എന്നാൽ 26-12-18ന് മേൽ പറഞ്ഞ കരാറുകാരൻ തയ്യാറാക്കി നല്കിയ ₹99,990/-യുടെ എസ്റ്റിമേറ്റ് (വാർഡ് നം.14 ലെ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിന് ₹40,340, വാർഡ് നം.2 ലെ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിന് ₹36850, വാർഡ് നം.4 ലെ ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിന് ₹22,800) 30.01.2019ലെ 16(1) നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിക്കുകയും. കരാറുകാരന് 21801332/06-02-2019 വൗച്ചർ പ്രകാരം ₹92,940/- അനുവദിച്ച നല്കുകയുമാണ് ഉണ്ടായിട്ടുള്ളത്.

ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്ന ഇലക്ട്രിക്കൽ വർക്കുകൾക്ക് 22.09.15ലെ സർക്കാർ ഉത്തരവ് നം.2875/2015/ത.സ്വ.ഭ.വ.യിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറുക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവയ്ക്കായി എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ പാനലിൽ നിന്നും ഒരു എഞ്ചിനീയറുടെ സഹായം നേടാം എന്ന വ്യവസ്ഥ ഉള്ളതാണ്. അത്തരത്തിലുള്ള സഹായം ഗ്രാമപഞ്ചായത്തിൽ ഓഡിറ്റുവർഷത്തിൽ 159/2019 വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതീകരണം എന്ന പ്രോജക്ടിൽ പ്രയോജനപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ സാങ്കേതികഅനുമതി, ചെക്ക് മെഷർമെന്റ് എന്നിവ കൂടാതെ പദ്ധതിപണം കരാറുകാരന് നല്കിയ

നടപടി മാർഗ്ഗരേഖകളുടെ ലംഘനമാണ്. മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ 16/16.10.2020 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ ഉണ്ടാകേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ് നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 മദ്രസ്സ റോഡ് ടാറിങ്ങ്, വാർഡ് 4 –-- വർക്ക് ഓർഡർ അനുസരിച്ചുള്ള ടെണ്ടർ കിഴിവ് വരുത്തിയില്ല.

| | |
|---|---|
| പ്രൊജക്ട് നംപർ | 173/19 |
| പ്രൊജക്ട് | മദ്രസ്സ റോഡ് ടാറിങ്ങ്, വാർഡ് 4 |
| സാങ്കേതികാനുമതി | 11198/2017-18(DSOR 2016 -Cost Index 40.2%) |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/78242 Dated.13.07.17 |
| സാങ്കേതികാനുമതി തുക | 300000 രൂപ |
| കരാറുകാരൻ | ശ്രീ. അബ്ദുൾ റസാക്ക് |
| കരാർ നിരക്ക് | എസ്റ്റിമേറ്റിനേക്കാൾ 5% കുറവ് |
| കരാർ ഉടമ്പടി | 63/17-18/AE/LSGD/PJL Dated. 21.02.18 |
| എം.ബുക്ക് | 287/2017-18 |
| | |

| | |
|---|---|
| വൗച്ചർ നംപർ, തുക | 21800767/30.05.2018 = 299640 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡ്) |

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുള്ളത് എസ്റ്റിമേറ്റിനേക്കാൾ 5% കുറവ് നിരക്കിലാണ് . എന്നാൽ ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളത് താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം = 300000

ടെണ്ടർ കിഴിവ് (0.12%) = 360

ബാക്കി = 299640

കുറയ്ക്കുക

ആദായനികുതി = 3000

ക്ഷേമനിധി വിഹിതം = 3000

കരാറുകാരന് നൽകിയത് = 293640

ടെണ്ടർ കിഴിവ് 15000 രൂപ വരുത്തേണ്ടതിന് പകരം 360 രൂപ മാത്രമാണ് വരുത്തിയിട്ടുള്ളത്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/15.10.20) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ കരാറുകാരന് അധികം നൽകിയ 14,640 രൂപ (15000 –360 = 14640) ബിൽ പാസ്സാക്കി നൽകിയ എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.07.2019, 25.07.2019 | കെ.എസ്.എ.ടി.എസ്.ആർ (എസ്1) – 1120/19, തീ.07/08/19 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,00,000 | 4/2019 ആശ്രയ പദ്ധതി | 1,00,000 | 0 |
| | | 1,00,000 | 16/2019 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആനുകൂല്യം | 1,00,000 | 0 |
| | | 3,64,616 | 27/2019 ലൈഫ് ജനറൽ | 3,64,616 | 0 |
| | | 1,00,000 | 41/2019 സമഗ്ര ക്ഷീരവികസനം - പാലിന് സബ്സിഡി | 1,00,000 | 0 |
| | | 11,40,000 | 107/2019 സമഗ്ര നെൽകൃഷി വികസനം | 7,31,941 | 4,08,059 |
| | | 62,500 | 109/2019 പച്ചക്കറി കൃഷിയ്ക്ക് കൂലിചെലവ് | 62,500 | 0 |
| തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 2018-19 | 3,00,000 | 16/2019 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആനുകൂല്യം | 2,99,978 | 22 |
| | | 9,55,423 | 27/2019 ലൈഫ് ജനറൽ | 9,55,423 | 0 |
| | | 3,00,000 | 41/2019 സമഗ്ര ക്ഷീരവികസനം - പാലിന് സബ്സിഡി | 3,00,000 | 0 |

തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

# 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ മൂരിയിൽപടി DWSS (85/19) | 1,00,000 | 0 | 1,00,000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുറുപ്പംതൊടി സാംസ്കാരിക നിലയം കുടിവെള്ള പദ്ധതി (127/2019) | 67,550 | 0 | 67,550 |
| ഗ്രൗണ്ട് വാട്ടർ | മേലെ | 66,800 | 0 | 66,800 |

| | | | | |
|---|---|---|---|---|
| ഡിപ്പാർട്ട്മെന്റ് | അത്തിക്കപറമ്പ് ഭാഗത്ത് കുടിവെള്ള സൗകര്യം ലഭ്യമാക്കൽ (243/2019) | | | |
| കെ.എസ്.ഇ.ബി. എൽ. ഇലക്ട്രിക്കൽ സെക്ഷൻ ചേലക്കര | 154/2019 പാഞ്ഞാൾ വാർഡ്-15 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 1,95,652 | 0 | 1,95,652 |
| കെ.എസ്.ഇ.ബി. എൽ. ഇലക്ട്രിക്കൽ സെക്ഷൻ ചേലക്കര | 150/2019 ആലംപ്പുഴ റോഡ് സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 2,90,162 | 0 | 2,90,162 |
| കെ.എസ്.ഇ.ബി. എൽ. ഇലക്ട്രിക്കൽ സെക്ഷൻ ചേലക്കര | 145/2019 വാഴാലിക്കാവ് മുതൽ ജയൻ സെന്റർ വരെ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 25,075 | 0 | 25,075 |
| കെ.എസ്.ഇ.ബി. എൽ. ഇലക്ട്രിക്കൽ സെക്ഷൻ ചേലക്കര | 147/2019 മൂച്ചിക്കൽ ബണ്ട് റോഡ് സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 59,472 | 0 | 59,472 |
| കെ.എസ്.ഇ.ബി. എൽ. ഇലക്ട്രിക്കൽ സെക്ഷൻ ചേലക്കര | 146/2019 മൂരിയിൽപടി കോളനി മുതൽ പ്ലാക്കോട്ടുപടി കോളനി വരെ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 88,476 | 0 | 88,476 |
| കെ.എസ്.ഇ.ബി. എൽ. ഇലക്ട്രിക്കൽ സെക്ഷൻ ചേലക്കര | 148/2019 കുളമ്പ് മിച്ച ഭൂമി കോളനി സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 96,760 | 0 | 96,760 |
| കെ.എസ്.ഇ.ബി. എൽ. ഇലക്ട്രിക്കൽ | 152/2019 നെല്ലിക്കുന്ന് കോളനി സ്ട്രീറ്റ് | 97,468 | 0 | 97,468 |

| | | | | |
|---|---|---|---|---|
| സെക്ഷൻ ചേലക്കര. | മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | | | |

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനായി നൽകിയ തുകയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തത്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ ഭവന വായ്പ | ലഭ്യമാക്കിയില്ല | 94,19,961 | 0 | 0 | 0 | 94,19,961 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,90,95,222 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,47,82,575 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14,640 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,30,746 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 14,640 | ശ്രീ.അജയകുമാർ.പി.കെ, അസി.എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 40,750 | ഡോ.സുനിൽകുമാർ.സി.കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-33 | 7,66,537 | ശ്രീ.വിപിൻദാസ്.എം.എസ്, അസി.എഞ്ചിനീയർ |
| 1-40 | 7,72,853 | ശ്രീ.അജയകുമാർ.പി.കെ, അസി.എഞ്ചിനീയർ |
| | 14,50,606 | ശ്രീമതി.സൗമ്യ.എം.പി, അസി.എഞ്ചിനീയർ |
| ആകെ | 30,30,746 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജയകുമാർ.പി.കെ, | അസി.എഞ്ചിനീയർ, | പള്ളത്തേരി വീട്, |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് | മറ്റത്തൂർകുന്ന്.പി.ഒ |
| | | |

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സുനിൽകുമാർ.സി.കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പാഞ്ഞാൾ | ലഭ്യമാക്കിയിട്ടില്ല |
| ശ്രീ.വിപിൻദാസ്.എം.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് | അയ്യപ്പൻപറമ്പിൽ വീട്, മുളങ്കുന്നത്തുകാവ്.പി.ഒ |
| സൗമ്യ.എം.പി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പഴയന്നൂർ ബ്ലോക്ക് | സൗമ്യ.എം.പി., പാറമേൽ ഹൗസ്, ചേലക്കര |
| അജയ്കുമാർ.പി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് | അജയ്കുമാർ.പി.കെ., പള്ളത്തേരി ഹൗസ്, മറ്റത്തൂർകുന്ന്.പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 66-67 | എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72 |
| 67-68 | എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72 |
| 68-69 | എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72 |
| 70-71 | എൽ.എഫ്.ഇ3(1) 2094/74 /തീയതി 20.09.94 |
| 71-72 | എൽ.എഫ്.ഇ3(1) 3030/73 /തീയതി 24.09.93 |
| 72-73 | എൽ.എഫ്.ഇ3(1) 3960/74 /തീയതി 18.11.74 |
| 73-74 | എൽ.എഫ്.ഇ3(1) 6990/75 /തീയതി 11.01.75 |
| 74-75 | എൽ.എഫ്.ഇ3(1) 5821/76 /തീയതി 08.06.76 |
| 78-79 | എൽ.എഫ്.ടി.10- 1215/81/16.08.81 |
| 80-81 | എൽ.എഫ്.ടി.10- 695/82/17.09.82 |
| 81-82 | എൽ.എഫ്.ടി.10- 307/82/26.03.84 |
| | |

| | |
|---|---|
| 82-83 | എൽ.എഫ്.ടി.10- 356/85/06.06.85 |
| 84-85 | എൽ.എഫ്.ടി.10- 1196/87/02.12.85 |
| 85-86 | എൽ.എഫ്.ടി.10- 703/90/06.06.90 |
| 86-87, 87-88 | എൽ.എഫ്.ടി.10-906/90/24.09.90 |
| 88-89, 89-90 | എൽ.എഫ്.ടി.10- 1161/92/18.11.92 |
| 90-91 | എൽ.എഫ്.ടി.10- 1170/95/20.05.95 |
| 91-92 | എൽ.എഫ്.ടി.10- 1800/94/03.07.95 |
| 92-93, 93-94 | എൽ.എഫ്.ടി.10- 1800/93/20.11.93 |
| 96-97 | എൽ.എഫ്.ടി.10- 2138/95/20.08.96 |
| 97-98 | എൽ.എഫ്.ടി.10- 552/98/15.02.99 |
| 98-99 | എൽ.എഫ്.ടി.12- 997/98/15.02.99 |
| 99-2000, 2000-01, 01-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.10-1085/94/31.01.04/ 12.07.04 |
| 99-2000 | എൽ.എഫ്.ടി.10- 1480/07/31.01.04/12.07.04 |
| 00-01 | എൽ.എഫ്.ടി.10- 1479/31.01.04/12.07.04 |
| 01-02 | എൽ.എഫ്.ടി.10- 1478/31.01.04/12.07.04 |
| 02-03 | എൽ.എഫ്.ടി.10- 1477/07/02.08.08/03.10.08 |
| 03-04 | എൽ.എഫ്.ടി.10- 1468/08/28.05.10 |
| 04-05 | എൽ.എഫ്.ടി.10- 1469/28.05.10/30.07.10 |
| 05-06 | എൽ.എഫ്.ടി.10- 2288/09/21.01.11 |
| 06-07 | എൽ.എഫ്.ടി.10- 2288/09/21.01.11/02.07.11 |
| 07-08 | എൽ.എഫ്.ടി.(പി.4)-541/12 തീയതി 23.05.12 |
| 08-09 | എൽ.എഫ്.ടി.(പി.4)-542/12 തീയതി 23.05.12 |
| 09-10 | എൽ.എഫ്.ടി.(പി.4)-543/12 തീയതി 30.05.12 |
| 10-11 | എൽ.എഫ്.ടി.(പി.4)-544/12<br>തീയതി 02.06.12/06.08.12 |
| 11-12 | എൽ.എഫ്.ടി.(പി.4)-2037/13<br>തീയതി 13.03.14/07.04.14 |
| 12-13 | എൽ.എഫ്.ടി.(പി.4)-1902/14<br>തീയതി 07.04.15/03.06.15 |
| 2013-14 | നം.കെ.എസ്.എ.-ടി.എസ്.ആർ(പി4)1688/15<br><br>തീയതി 15/12/2015 |
| 2014-15 | നം.കെ.എസ്.എ.-ടി.എസ്.ആർ (പി4)1156/16<br>തീയതി. 14-07-2016 |
| | |

| | |
|---|---|
| 2015-16 | നം.കെ.എസ്.എ.-ടി.എസ്.ആർ (പി4)2038/16<br>തീയതി. 16-12-2016 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)1655/2017<br>തീയതി: 24.11.2017/04.12.2017 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)382/2019<br>തീയതി: 15.03.2019/29.03.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം - 2 ഓഡിറ്റ് സംക്ഷിപ്തം

| - | | സംക്ഷിപ്തം(AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ | |

| | | |
|---|---|---|
| | സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | - |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ